# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇലകമൺ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM/GP8/262/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലകമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM/GP8/262/2023 തീയ്യതി: 18/03/2023

## തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 62 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 06-02-2023 | 15-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 15-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രവീൺ.എൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീജിത്ത്.എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രശ്മി.ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ശരത്.ജെ.ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സൂര്യ.ആർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ജെസ്സി.എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രശാന്ത്.പി | കൃഷി ഓഫീസർ | 01-04-2021 | 20-09-2021 |
| ശ്രീമതി.വൈശാഖി | കൃഷി ഓഫീസർ | 22-09-2021 | 31-01-2022 |
| ശ്രീ.രതീഷ്കുമാർ | കൃഷി ഓഫീസർ | 01-02-2022 | 31-03-2022 |
| ശ്രീമതി.അർച്ചന,എ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ജോണി.എസ്.പെരേര | മെഡിക്കൽ ഓഫീസർ,എഫ്,എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ബ്രിജില.എസ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.നിഷ.എസ് | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീമതി.ആശ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 1 | 01-04-2021 | 31-03-2022 |
| ശ്രീ.ആദർശ് മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 2 | 01-04-2021 | 31-03-2022 |
| ശ്രീമതി.വിസി.ബി.ആർ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.വിനോദ്.ആർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.ജോയി.പി | എച്ച.എം,ജിഡബ്ള്യൂ.എൽ.പി.എസ് | 01-04-2021 | 31-03-2022 |
| ശ്രീ.അരുൺ.റ്റി.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-07-2021 |
| ശ്രീ.വിനുരാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2021 | 31-03-2022 |
| ശ്രീ.രാജമോഹൻ പോറ്റി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീ.അബ്ദുൾഹക്കിം.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് - അപാകങ്ങൾ | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | ക്ഷേമപദ്ധതികൾ | 1-5 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. | 1-5-1 |
| 9 | തൊഴിൽ രഹിതവേതനം, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം - തനത് ഫണ്ടിൽ നിന്നും തെറ്റായി അനുവദിച്ചു | 1-5-2 |
| 10 | ക്യാഷ് ബാലൻസ് | 1-6 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 12 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി | 1-8 |
| 13 | തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികൾ വാങ്ങുമ്പോൾ സർക്കാർ നിർദേശം പാലിക്കേണ്ടതാണ്. | 1-8-1 |
| 14 | തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-8-2 |
| 15 | മറ്റ് ഓഡിറ്റുക**ൾ** നടത്തിയതിന്റെ വിവരം | 1-9 |
| 16 | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വസ്തു നികുതി അടവാക്കുന്നില്ല | 1-10 |
| 17 | പൂതക്കുളം പഞ്ചായത്തിലെ കെട്ടിട നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെട്ട ഇലകമൺ പഞ്ചായത്തിലെ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്. | 1-11 |
| 18 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത | 1-12 |
| 19 | വരവ് തുകകൾ യഥാസമയം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നില്ല | 1-13 |
| 20 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - അപാകങ്ങൾ | 1-14 |
| 21 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-15 |
| 22 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകങ്ങൾ | 1-16 |
| 23 | വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-17 |
| 24 | ലൈവ്സ്റ്റോക്ക് ഫാമുക**ൾ**ക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-18 |

| | | |
|---|---|---|
| 25 | തൊഴിൽ നികുതി- അപാകങ്ങൾ | 1-19 |
| 26 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-19-1 |
| 27 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-19-2 |
| 28 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-19-3 |
| 29 | പൊതു കുളങ്ങൾ ലേലം ചെയ്തു നല്കിയിട്ടില്ല | 1-20 |
| 30 | കേന്ദ്രവിഹിത ഇനത്തിൽ അവശേഷിക്കുന്ന തുക അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കുന്നില്ല. | 1-21 |
| 31 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം | 1-22 |
| 32 | ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം നിശ്ചിത ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. | 1-23 |
| 33 | അങ്കണവാടികൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ - സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല | 1-24 |
| 34 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അപാകങ്ങൾ | 1-25 |
| 35 | ജാഗ്രതാ സമിതിക്ക് ഓഫീസ് സജ്ജീകരിക്കേണ്ടതാണ് | 1-26 |
| 36 | ആസ്തി പരിപാലനം | 1-27 |
| 37 | ബഡ്സ് സ്കൂൾ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം | 1-28 |
| 38 | തെരുവുവിളക്ക് പരിപാലനം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണം | 1-29 |
| 39 | പൊതു മരാമത്ത് പ്രവർത്തികളിൽ ഭൂരിഭാഗവും നടപ്പിലാക്കിയില്ല. | 1-30 |
| 40 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല-വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് | 1-31 |
| 41 | കമ്പ്യൂട്ടർ, പ്രിൻറർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-അധികം നൽകിയ തുക തിരികെ ലഭ്യമാക്കേണ്ടതാണ് | 1-32 |
| 42 | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ പരിശോധനക്ക് ഹാജരാക്കിയില്ല-ആകെ ചെലവ് തുകയായ 67,28,146/-രൂപ തടസപ്പെടുത്തുന്നു | 1-33 |
| 43 | ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും | 1-34 |
| 44 | പൊതുടാപ്പുകൾക്ക് വാട്ടർ ചാർജ് -പ്രവർത്തനക്ഷമായതിന് മാത്രം വാട്ടർ ചാർജ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. | 1-35 |
| 45 | ജലജീവൻമിഷൻ കുടിവെള്ള കണക്ഷൻ ,ഗുണഭോക്തൃവിഹിതം ഈടാക്കുന്നില്ല | 1-36 |
| 46 | പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടറും സ്ക്രീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-കെൽട്രോണിന് നൽകിയ അധികതുക തിരികെ ഈടാക്കണം | 1-37 |
| 47 | മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിപണം ആരംഭിച്ചിട്ടില്ല- രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 510000/- രൂപ തടസപ്പെടുത്തുന്നു. | 1-38 |

| | | |
|---|---|---|
| 48 | വാഴക്കൃഷി വ്യാപനം - ചെലവ് രേഖകൾ ഹാജരാക്കിയില്ല. 425000/- രൂപ തടസപ്പെടുത്തുന്നു | 1-39 |
| 49 | സുഭിക്ഷ കേരളം - തരിശ് ഭൂമിയിൽ കൃഷി - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു- 76500/- രൂപ തടസപ്പെടുത്തുന്നു. | 1-40 |
| 50 | ജൈവസമൃദ്ധി പച്ചക്കറി കൃഷി - രേഖകൾ ഹാജരാക്കിയില്ല -470000/- രൂപ തടസപ്പെടുത്തുന്നു | 1-41 |
| 51 | കുറ്റിമുല്ല വിതരണം - രേഖകൾ ലഭ്യമാക്കിയില്ല 289325/- രൂപ തടസപ്പെടുത്തുന്നു | 1-42 |
| 52 | കാർഷിക മേഖലയിലെ വിവിധ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയില്ല- 456000/- രൂപ തടസപ്പെടുത്തുന്നു. | 1-43 |
| 53 | കേദാരം സമഗ്ര നെൽകൃഷി വികസനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി | 1-44 |
| 54 | ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമിവാങ്ങൽ - പർച്ചേസ് കമ്മിറ്റി രൂപീകരിക്കാതെ ഒരേ വ്യക്തിയിൽ നിന്നും ഭൂമി വാങ്ങി | 1-45 |
| 55 | ലൈഫ് ഭവന പദ്ധതി- ഭൂമി വാങ്ങി നൽകിയ ശേഷം ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-46 |
| 56 | വി.ഇ.ഒ ഓഫീസിലേയ്ക്ക് പ്രിന്റർ വാങ്ങൽ - കെൽട്രോണിൽ നിന്നും ഉപകരണം ലഭ്യമായിട്ടില്ല. 20018/- രൂപ തടസപ്പെടുത്തുന്നു. | 1-47 |
| 57 | ലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ | 1-48 |
| 58 | ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി | 1-49 |
| 59 | ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്. | 1-50 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | **തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ** | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിലെ 1/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 182015047/- രൂപ വരവും 180272441/-രൂപ ചെലവും 1742606/- രൂപ നീക്കിയിരിപ്പുമാണ്.

### 1-1-1 ബജറ്റ് - അപാകങ്ങൾ

പഞ്ചായത്ത് രാജ് നിയമത്തിലെ 214 (6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്.

ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതും നിർദ്ദേശിച്ചതിൽ കൂടുതലും ആയ ചെലവുകൾ ചെയ്തിട്ടുണ്ടെങ്കിലും ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല. 2021-22 ലെ ബജറ്റിനോടൊപ്പം ബജറ്റ് റിവൈസ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. ബജറ്റ്, വാർഷികധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു.

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക (പുതുക്കിയ ബജറ്റ് പ്രകാരം) | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 350100201 | Contractor's Control Account | - | 485890 |

2. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവ് ചെയ്തു. ഉദാഹരണങ്ങൾ ചുവടെ

| ബജറ്റ് ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക (പുതുക്കിയ ബജറ്റ് പ്രകാരം) | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 2512003 | Health Related Special Programs | 750000 | 1862393 |
| 2512002 | Public Health Programs | 700000 | 1711942 |
| 2308001 | Other Operating And Maintanance Expenses | 250000 | 392026 |

3.ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് (ബജറ്റ്) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2511013 | Education Related Activities | 100000 | - |
| 2 | 2501040 | Animal Husbandry – Disease Control | 113400 | - |
| 3 | 2502001 | Soil And Water Conservation | 400000 | - |
| 4 | 2511013 | Education Related Activities | 100000 | - |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ /13.02.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബജറ്റിൽ വകയിരുത്താതെയും വകയിരുത്തിയതിൽ അധികമായും റിവൈസ്ഡ് ബജറ്റ് അംഗീകാരമില്ലാതെ ചെയ്യുന്നത് ചട്ടവിരുദ്ധമാണ്. അപാകം

പരിശോധിച്ച് മറുപടി ലഭ്യമാക്കുക.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 24.06.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങളും അവയുടെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 40/10.02.23, 60/14.02.2023 എന്നിവയുടെ മറുപടികളും ചുവടെ ചേർക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. 2021-22 സാമ്പത്തിക വർഷം അവസാനം ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. സാംഖ്യ സോഫ്റ്റ്‌വെയറിൽ സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തുന്നതിനുള്ള ക്രമീകരണം വരുന്ന മുറയ്ക്ക് Stock In Hand മൂല്യ നിർണ്ണയം നടത്തി രേഖപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ എന്നിവ നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലാത്തതിനാലാണ് അവ തയ്യാറാക്കാത്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 2,17,207/- രൂപ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുക ഏതൊക്കെ പ്രവർത്തികൾക്കായി ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തതാണെന്ന മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

4) വസ്തു നികുതിയിൽ വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയയിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| Property Tax On Residential Building - Current | 1722806 | 1729008 | 1722649 | 1722649 | 0 | 359 |
| Property Tax On Non Residential Building - Current | 1185174 | 1209409 | 1185174 | 1185174 | 0 | 0 |

Property Tax On Residential Building – Current ഇനത്തിൽ 9143/- രൂപ Book Adjustment നടത്തിയിട്ടുണ്ട്. എന്നാൽ 2020-21 B-9 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് കളക്ഷൻ 165/- (ലൈബ്രറി സെസ് ഉൾപ്പെടെ) രൂപയാണ്. പ്രസ്തുത സാഹചര്യത്തിൽ 9143/- രൂപ അഡ്വാൻസ് കളക്ഷൻ അഡ്ജസ്റ്റ് ചെയ്യാനിടയായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

കൂടാതെ Property Tax On Non Residential Building – Current ഇനത്തിൽ 25757/- രൂപ Book Adjustment നടത്തിയിട്ടുണ്ട്. എന്നാൽ 2020-21 B-9 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് കളക്ഷൻ ഇല്ല. പ്രസ്തുത സാഹചര്യത്തിൽ 25757/- രൂപ അഡ്വാൻസ് കളക്ഷൻ അഡ്ജസ്റ്റ് ചെയ്യാനിടയായ സാഹചര്യവും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. 31/03/2022 – ന് ശേഷം സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്യൂരിഫിക്കേഷൻ മുഖേന അസസ്മെന്റ് നടത്തിയ സാഹചര്യത്തിൽ മുൻവർഷങ്ങളിലെ തുക ക്രമീകരിക്കപ്പെട്ടതാണ് വ്യത്യാസത്തിന് കാരണമായി മറുപടി നൽകിയിട്ടുള്ളത്.

5) ഡെപ്പോസിറ്റ് വർക്കുകൾക്ക് ചെലവഴിച്ച തുകകളെ സംബന്ധിച്ച് വിശദാംശം ചുവടെ ചേർക്കുന്നു.

| | 2020-21 B-18 ,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2115390 | 1885785 | 4001175 | 646393 | 3354782 | 3354782 |
| കെ.എസ്.ഇ.ബി | 544876 | 428028 | 972904 | 0 | 972904 | 972904 |

2021-22 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ 89/22 (ഗതാഗത തടസ്സം സൃഷ്ടിക്കുന്ന വൈദ്യുതി പോസ്റ്റ് മാറ്റിവയ്ക്കൽ) - 139708, പ്രോജക്ട് നമ്പർ 144/22 ( സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ) 627760/-, പ്രോജക്ട് നമ്പർ - 90/22 (പോസ്റ്റ് സ്ഥാപിച്ച് തെരുവ് വിളക്ക് പ്രകാശിപ്പിക്കൽ ) - 298611/-എന്നിവയ്ക്കായി ആകെ 1066079/- രൂപ കെ.എസ്.ഇ.ബി യ്ക്ക് ഡെപ്പോസിറ്റ് ആയി നൽകിയിട്ടുണ്ട്. എന്നാൽ 460500202 ( Advance To Implementing Agencies – Deposit With Kerala Electricity Board) ഹെഡിൽ നിന്നും 428028/- രൂപ മാത്രമാണ് ഡെപ്പോസിറ്റായി നൽകിയിട്ടുള്ളത്. ബാക്കി തുകയായ 638051/- രൂപ ഏത് ഹെഡിൽ നിന്നാണ് ചെലവഴിച്ചതെന്ന വിവരം ലഭ്യമാക്കിയിട്ടില്ല. വ്യത്യാസമായ 638051/- രൂപ മുൻകൂർ ഹെഡിൽ ചെലവഴിക്കാത്തതിനാൽ B- 18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.

6) ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയ വരവുകളും വാർഷിക ധനകാര്യ പത്രിക ( RP-4)പ്രകാരമുള്ള വരവുകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | RP-4 പ്രകാരം |
|---|---|---|
| വളർത്തു നായകളുടെ ലൈസൻസ് | 280 | 310 |
| പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 1000 | 800 |

വ്യത്യാസത്തിനുള്ള കാരണം ലഭ്യമാക്കിയിട്ടില്ല.

7) എം.എൻ.ആർ.ഇ.ജി എസ് ഭരണ ചെലവിനത്തിൽ ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവ് 757796/-രൂപയും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് 754603/- രൂപയുമാണ്. ജി.ഐ.എസുമായി ബന്ധപ്പെട്ട് സർവേ ചെയ്ത Enumerators – ന് ബാങ്ക് അക്കൗണ്ട് മുഖേന ഫണ്ട് ട്രാൻസ്ഫർ ചെയ്തിരുന്നുവെന്നും ഇതിൽ 10/08/2021-ന് 1597/- രൂപയും 01/01/2022 -ന് 1597/- രൂപയും ചേർത്ത് ആകെ 3194/- രൂപ MGNREGS Own Fund അക്കൗണ്ടിലേയ്ക്ക് റിജക്ട് ആയി വന്നിരുന്നുവെന്നും പ്രസ്തുത തുക വരവിലും ചെലവിലും ഒരുപോലെ വന്നതാണ് ഭരണ ചെലവിനത്തിലെ വ്യത്യാസത്തിന് കാരണമായി അറിയിച്ചിട്ടുള്ളത്.

കൂടാതെ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ടുള്ള ചെലവ് 37596000 രൂപയും (01.04.2022 ലെ സ്റ്റേറ്റ്മെന്റ്), വാർഷികധനകാര്യ പത്രികയിൽ നേരിട്ടുള്ള ചെലവ് 37589930/- രൂപയുമാണ്. 2020-21 സാമ്പത്തിക വർഷത്തിൽ റിജക്ട് ആയ Unskilled Wages തുക ഒഴിവാക്കിയപ്പോൾ വന്ന വ്യത്യാസമാണ് അപാകത്തിന് കാരണമായതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്

8) 2021-22 വർഷത്തെ ഷെഡ്യൂൾ RP-32പ്രകാരം 330500201 Secured Loan KURDFC ലോൺ തുക 17,60,000രൂപയാണ്. എന്നാൽ 440500101 Prepaid Program Expense (Rp-45) പ്രകാരം 10,40,000/- രൂപ മാത്രമാണ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. അവശേഷിക്കുന്ന തുക ലൈഫ് മിഷൻ അക്കൗണ്ടിൽ സൂക്ഷിക്കുന്നതായി മറുപടി നൽകിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ച് മറുപടി സമർപ്പിക്കേണ്ടതാണ്.

9) 2020-21 വർഷത്തെ B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന ഇനങ്ങൾ 2021-22 സാമ്പത്തിക വർഷവും ക്രമീകരിച്ചിട്ടില്ല

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 460500399 | Advance To Other Authorised Agencies | 11200 |
| 460500499 | Advance To Other Accredited Agencies | 2300 |
| 460600199 | Other Deposits | 4500 |

Advance To Other Authorised Agencies ഇനത്തിലെ 11200/- രൂപയും Advance To Other Accredited Agencies ഇനത്തിലെ 2300/-രൂപയും ഡിസാസ്റ്റർ മാനേജ്മെന്റ് ട്രെയിനിംഗുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്നും മുൻകൂർ ആയി അനുവദിച്ച തുകകൾ ആണെന്നും തുക കിലയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് അഡ്വാൻസ് ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. Other Deposits ഇനത്തിലെ 4500/- രൂപ 2011-12 സാമ്പത്തിക വർഷം മുതൽ തുടർന്ന് വരുന്ന തുകയാണെന്നും കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാലാണ് അഡ്വാൻസ് ക്രമീകരിക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്. മുൻകൂറുകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

10. 2020-21 സാമ്പത്തിക വർഷത്തെ B-7, 2021-22 സാമ്പത്തിക വർഷത്തെ RP-34 (വരവ്), RP-34 (ചെലവ്), B-7 (നീക്കിയിരിപ്പ്) എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | Contractors EMD | 25879 | 11000 | 0 | 36879 |
| 2 | Suppliers EMD | 46450 | 2500 | 0 | 48950 |
| 3 | Bidder's EMD | 48998 | 12500 | 0 | 60848 |
| 4 | Contractor's Security Deposit | 3625 | 0 | 0 | 3625 |
| 5 | Supplier's Security Deposit | 20325 | 0 | 0 | 20325 |
| 6 | Contractor's Retention | 16813 | 0 | 0 | 16813 |
| 7 | Rent Deposit | 4487 | 0 | 0 | 4487 |
| 8 | Auction Deposit | 27000 | 0 | 0 | 27000 |
| 9 | Deposit Received For Halls And Auditoriums | 78 | 0 | 0 | 78 |
| 10 | Election Deposit (Candidate) | 89500 | 0 | 67000 | 22500 |
| 11 | Deposit Received From Others | 5000 | 0 | 0 | 5000 |

പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ല. 2021-22 വർഷം നൽകിയ ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പല ഡെപ്പോസിറ്റുകളുടെ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

11. വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി പത്രിക തയ്യാറാക്കാത്തത് കാരണം വരവ്, ചെലവ്, നീക്കിയരിപ്പ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. വരവ് രജിസ്റ്ററിലെ ഡി.സി.ബി പത്രികകൾ കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

12. 08/2020 മുതൽ 05/2021 വരെയുള്ള തൊഴിൽ രഹിത വേതന ഇനത്തിൽ അലോട്ട്മെന്റ് പ്രകാരം വിതരണം ചെയ്ത 56160/- രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. 06/2021 മുതൽ 12/2021 വരെയുള്ള തൊഴിലില്ലായ്മ വേതന ഇനത്തിൽ വിതരണം ചെയ്ത 28320/- രൂപയും വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായമായ 180000/- രൂപയും തനത് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്.

13. കോവിഡിന്റെ ഭാഗമായി ജീവനക്കാരുടെ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ മാറ്റിവെച്ച ശമ്പളം തിരികെ നൽകുമ്പോൾ ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്യുന്നതിന് സർക്കാർ ഉത്തരവ് സ.ഉ(അ).നം.122/2021/ധന തീ.01.09.2021 സർക്കുലർ നം.71/2021/ധന തീ. 03.09.2021പ്രകാരം നിർദ്ദേശിച്ചിരുന്നു. 2021-22 വർഷം ഇപ്രകാരം ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്ത് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. എൻ.പി.എസ് വിഹിതം കുറവ് ചെയ്ത് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

14. പഞ്ചായത്ത് ദുരിതാശ്വാസ നിധിയുടെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ - 2 പ്രകാരമുള്ള നീക്കിയിരിപ്പ് 12639/ - രൂപയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ - 17 പ്രകാരം അയിരൂർ വില്ലേജ് സർവ്വീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റിയിലെ ദുരിതാശ്വാസ നിധിയ്ക്കായുള്ള അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് 12549/- രൂപയുമാണ്. 2019-20 സാമ്പത്തിക വർഷം ലഭിച്ച 90/- രൂപ ദുരിതാശ്വാസ നിധിയ്ക്കായുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പകരം തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതാണ് വ്യത്യാസത്തിന് കാരണമായി അറിയിച്ചിട്ടുള്ളത്. തനത് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് ദുരിതാശ്വാസ നിധിയ്ക്കായുള്ള അക്കൗണ്ടിൽ നിക്ഷേപിച്ച് അപാകത പരിഹരിക്കേണ്ടതാണ്.

15) കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുകളുടെ ചെലവ് വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. കൃഷി ഓഫീസിൽ ഒടുക്കിയ ഗുണഭോക്തൃ വിഹിതം തനത് ഫണ്ടിലാണ് നിക്ഷേപിച്ചതെന്നും 30/03/2022 – ന് റിക്വിസിഷൻ ലഭിച്ചപ്പോൾ ചെക്ക് ബുക്ക് തീരുകയും പുതിയ ചെക്ക് ബുക്ക് ലഭിക്കാൻ കാലതാമസം ഉണ്ടാകുകയും ചെയ്തതിനാൽ 2022-23 സാമ്പത്തിക വർഷമാണ് കൃഷി ഓഫീസറിനു തുക അനുവദിച്ച് നൽകിയതെന്നും 2022-23 സാമ്പത്തിക വർഷത്തെ ചെലവായി അക്കൗണ്ടിൽ രേഖപ്പെടുത്തുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്.

16) ധനകാര്യ കമ്മീഷൻ Untied ഗ്രാന്റിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് 4788303 - രൂപയും എ.സി.ആർ പ്രകാരമുള്ള ചെലവ് 4828808 /- രൂപയും ആണ്. പലപ്പോഴായി രേഖപ്പെടുത്തിയ 40505/- രൂപയുടെ റിക്വിസിഷനുകൾ ചെലവാകാത്തത് ക്യാൻസൽ ചെയ്യാത്തതാണ് വ്യത്യാസത്തിന് കാരണമായി മറുപടി നൽകിയിട്ടുള്ളത്.

ഭാവിയിൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന വേളയിൽ അപാകങ്ങൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 21019586 | 21019586 | 21787179 | -767593 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8651892 | 8651892 | 8928058 | -276166 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 9220824 | 9220824 | 2957976 | 6262848 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 5696036 | 5696036 | 4819158 | 876878 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9999687 | 9999687 | 8071352 | 1928335 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5947771 | 5947771 | 4310596 | 1637175 |

(1) വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.
(2) CSS, SSS വരവ് വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.
വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | Grant Statement | 21019586 | 21787179 | -767593 |
| | ACR | 21019586 | 19945027 | 1074559 |
| Development Fund (SCP) | Grant Statement | 8651892 | 8928058 | -276166 |
| | ACR | 8651892 | 8223010 | 428882 |
| CFC ( Untied) | Grant Statement | 5696036 | 4819158 | 876878 |
| | ACR | 5696036 | 4828808 | 867228 |

ലഭ്യമായ അലോട്ട്മെന്റിൽ സ്രോതസിൽ നിന്നും കുറവ് ചെയ്ത തുക കിഴിച്ചുള്ള തുകയാണ് രേഖപ്പെടുത്തിയതെന്നും അലോട്ട്മെന്റ് പ്രകാരം ലഭിച്ച ആകെ തുക രേഖപ്പെടുത്താതാണ് വ്യത്യാസത്തിന് കാരണമെന്നും മറുപടി നൽകിയിട്ടുണ്ട്.

2)ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 12015005 | 7990140 | 66 |
| സേവനം | പൊതുവിഭാഗം | 57401836 | 31351779 | 54.62 |
| | പട്ടിക ജാതി | 28743970 | 13042217 | 45.37 |
| പശ്ചാത്തലം | പൊതുവിഭാഗം | 15974310 | 11832928 | 74.07 |

3)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്ത പ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക്

സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്.30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 1439153 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് | 305770 |

സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമായ തുകകൾ പ്രത്യേകം അക്കൗണ്ടുകളിൽ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ടെന്നും ആയത് അടിയന്തിരമായി തിരികെ ഒടുക്കുതാണെന്നും അറിയിച്ചിട്ടുണ്ട്. തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4)സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.11 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 % ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ വികസനത്തിനും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക പൂർണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 5123600 | 2738600 | 53.4 |
| കുട്ടികൾ | 1160000 | 580000 | 50 |
| വൃദ്ധർ | 1548000 | 1253405 | 80.9 |
| ഭിന്നശേഷിയുള്ളവർ | 1602789 | 554084 | 34.56 |
| പാലിയേറ്റീവ് കെയർ രോഗികൾ | 700000 | 700000 | 100 |

വരും വർഷങ്ങളിൽ തുക പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് 26/08.02.2023 -ന്റെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

എ) പദ്ധതി അവലോകനം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | അടങ്കൽ |
|---|---|---|---|

| നം. | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | നടപ്പിലാക്കിയ ശതമാനം | ഗുണഭോക്തൃ വിഹിതം ഒഴികെയുള്ള വകയിരുത്തൽ | ഗുണഭോക്തൃ വിഹിതം ഒഴികെയുള്ള ചെലവ് | ശതമാനം |
|---|---|---|---|---|---|---|---|---|
| I | കൃഷി ഓഫീസർ | 8 | 8 | 0 | 100 | 5778755 | 5398540 | 93.4 |
| Ii | വെറ്ററിനറി സർജൻ | 5 | 4 | 1 | 80 | 1693400 | 1020800 | 60.28 |
| Iii | മെഡിക്കൽ ഓഫീസർ – PHC | 11 | 11 | 0 | 100 | 6920375 | 6728146 | 97.2 |
| Iv | മെഡിക്കൽ ഓഫീസർ – ഹോമിയോ | 3 | 3 | 0 | 100 | 390000 | 378249 | 96.98 |
| V | മെഡിക്കൽ ഓഫീസർ – ആയുർവേദം | 2 | 2 | 0 | 100 | 850000 | 850000 | 100 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 16 | 3 | 84.2 | 34841413 | 17650558 | 50.66 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 0 | 100 | 4520001 | 4231324 | 93.6 |
| Viii | സെക്രട്ടറി | 35 | 30 | 5 | 85.71 | 15884933 | 12246145 | 77.09 |
| Ix | ഹെഡ്മാസ്റ്റർ | 5 | 4 | 1 | 80 | 2160011 | 1564714 | 72.44 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 33 | 17 | 16 | 51.51 | 17184834 | 9117804 | 53.05 |
| Xi | ഡയറിഫാം ഇൻസ്റ്റ്രക്ടർ | 1 | 1 | 0 | 100 | 1350000 | 1350000 | 100 |
| Xii | അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 0 | 100 | 5247189 | 2390305 | 45.55 |
| ആകെ | | 134 | 108 | 26 | 80.6 | 96820911 | 62926585 | 64.99 |

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ആകെ വകയിരുത്തിയ ഫണ്ടിന്റെ 64.99 % മാത്രമാണ് ചെലവഴിച്ചത്. വരും വർഷങ്ങളിൽ പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2)അംഗീകാരം ലഭിച്ച 33 പ്രോജക്ടുകളിൽ 16 എണ്ണം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയിട്ടില്ല. ചെലവ് ശതമാനം 53.05 മാത്രമാണ്. ഇവയിൽ 7 പദ്ധതികളുടെ ടെണ്ടർ നടപടികളിൽ ആരും പങ്കെടുക്കാത്തതിനാലാണ് നടപ്പാക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. മറ്റ് സാങ്കേതിക തടസ്സങ്ങൾ കാരണവും പദ്ധതികൾ നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

3)അസിസ്റ്റന്റ് സെക്രട്ടറി അംഗീകാരം ലഭിച്ച 6 പ്രോജക്ടുകളിൽ 6 എണ്ണവും നടപ്പാക്കിയെങ്കിലും ചെലവ് ശതമാനം 45.55 ശതമാനം മാത്രമാണ്. പ്രോജക്ട് നമ്പർ 122(സുഖ നിദ്ര) പ്രോജക്ടിന് മുഴുവൻ ഗുണഭോക്താക്കളും എസ്.സി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ തുക മുഴുവൻ ചെലവാക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.
3 (A) അസിസ്റ്റന്റ് സെക്രട്ടറി , വി.ഇ.ഒ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ നിർവ്വഹണ പ്രവൃത്തികളുടെ ചെലവ് ശതമാനം വളരെ കുറവാണ്. പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

4)തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | നടപ്പാക്കാത്തതിന്റെ കാരണം |
|---|---|---|---|---|
| I | 105/22 | പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റിന്റെ വിനിയോഗം ( നിർമ്മാണ പ്രവർത്തികൾ ഒഴികെ) | വി.ഇ.ഒ | സമാന രീതിയിലുള്ള പദ്ധതിയായി കുളങ്ങ് പുനരുദ്ധാരണം ( പ്രോജക്ട് നമ്പർ 104) നടപ്പാക്കിയത് കാരണം |
| Ii | 124/22 | ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപണി-എ.എം.സി | സെക്രട്ടറി | പദ്ധതി മുഖേന ഒരു ഹൈമാസ്റ്റ് ലൈറ്റ് പോലും അറ്റകുറ്റപണി നടത്താത്തത് കാരണം |
| Iii | 110/22 | തോണിപ്പാറ പി.എച്ച്.സി മന്ദിര നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചില്ല |
| Iv | 114/22 | അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ | ക്വട്ടേഷൻ നടപടികൾക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചില്ല |
| V | 115/22 | ചാരുംകുഴി അങ്കണവാടിക്ക് ചുറ്റുമതിൽ | അസിസ്റ്റന്റ് | ടെണ്ടർ നടപടികളിൽ ആരും പങ്കെടുത്തില്ല |

| | | | | |
|---|---|---|---|---|
| | | നിർമ്മാണം | എഞ്ചിനീയർ | |
| Vii | 116/22 | തോണിപ്പാറ പി.എച്ച്.സി യിൽ ടോയ്‌ലെറ്റ് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | തുക അപര്യാപ്തം |
| Viii | 119/22 | മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | സ്ഥലം ലഭ്യമായില്ല |

(അവലംബം – ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 45/13.02.2022 – ന്റെ മറുപടി)

ബി)പദ്ധതി ആസൂത്രണം

1. ആസൂത്രണ സമിതി

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതി 25.01.2021, 18.02.2021 തീയതികളിൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും മേൽ ചുമതലകൾ നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല.

2. വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. വിവിധ വർക്കിംഗ് ഗ്രൂപ്പുകളിലെ മുഴുവൻ അംഗങ്ങളും മീറ്റിങ്ങിൽ പങ്കെടുത്തിട്ടില്ല.

| വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ഗ്രൂപ്പിലെ അംഗങ്ങളുടെ എണ്ണം | മീറ്റിംഗ് നടന്ന തീയതി | പങ്കെടുത്ത അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| ചെറുകിട വ്യവസായം | 21 | 27.01.21<br>21.2.21 | 10<br>8 |
| ദാരിദ്ര്യ ലഘൂകരണം | 19 | 27.01.2021<br>21/02/21 | 10<br>7 |
| പട്ടിക ജാതി വികസനം | 19 | 27.01.2021<br>20/02/21 | 9<br>1 |
| കുടിവെള്ളവും ശുചിത്വവും<br>അംഗങ്ങളുടെ എണ്ണം | 21 | 27.01.2021 | 6 |
| ജൈവ വൈവിധ്യ മാനേജ്മെന്റ്<br>22.02.2021 | 21 | 27.01.2021 | 5 |
| കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം | 21 | 27.01.2021<br>22.02.2021 | 12<br>3 |

വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകളിൽ മുഴുവൻ അംഗങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണ്. മീറ്റിംഗിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

## 1-5 ക്ഷേമപദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 56160 | 49 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1575100 | 109 |
| വിധവ പെൻഷൻ | 22237800 | 1526 |
| വാർദ്ധക്യകാലപെൻഷൻ | 42082200 | 3028 |
| വികലാംഗപെൻഷൻ | 5545000 | 363 |
| വിവാഹധനസഹായം | 1800000 | 6 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 255600 | 18 |

*തൊഴിൽരഹിത വേതനം,വിവാഹധനസഹായം മുതലായവയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.

2021-22വർഷം മരണപ്പെട്ട ചില സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന ഡേറ്റാബേസിൽ നിന്നും സസ്പെന്റ് ചെയ്യാതെ മരണശേഷവും പെൻഷൻ അനുവദിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| സുരേന്ദ്രൻപിള്ള | 102270203166 | വാർദ്ധക്യകാലം | 9.4.21 | ആക്ടീവ് | 05/21മുതൽ 11/22 വരെ 1600x19=30400 | 30400 |
| വിക്രമൻപിള്ള | 266851572213 | വാർദ്ധക്യകാലം | 14.4.21 | ആക്ടീവ് | 05/21മുതൽ 11/22 വരെ 1600x19=30400 | 30400 |
| ശശിധരൻനായർ | 102270202615 | വാർദ്ധക്യകാലം | 15.5.21 | സസ്പെൻഡ് | 06/21മുതൽ 4/22 വരെ 1600x11=17600 | 17600 |
| ഭാർഗവി | 102270200016 | വാർദ്ധക്യകാലം | 29.5.21 | ആക്ടീവ് | 06/21മുതൽ 11/22 വരെ 1600x18=28800 | 28800 |
| രംഗനാഥൻആചാരി | 102270200664 | വാർദ്ധക്യകാലം | 7.7.21 | ആക്ടീവ് | 08/21മുതൽ 11/22 വരെ 1600x16=25600 | 25600 |
| അർജ്ജുനൻ | 102270201128 | വാർദ്ധക്യകാലം | 15.7.21 | ആക്ടീവ് | 08/21മുതൽ 11/22 വരെ 1600x16=25600 | 25600 |
| ഭാനുമതി | 102270200100 | വാർദ്ധക്യകാലം | 22.7.21 | ആക്ടീവ് | 08/21മുതൽ 11/22 വരെ 600x16=9600 | 9600 |
| സരോജിനി | 102270201982 | വാർദ്ധക്യകാലം | 29.8.21 | ആക്ടീവ് | 09/21മുതൽ 11/22 വരെ 600x15=9000 | 9000 |
| കമലാവതിയമ്മ | 10227020035 | വാർദ്ധക്യകാലം | 9.9.21 | ആക്ടീവ് | 10/21മുതൽ 11/22 വരെ 1600x14=22400 | 22400 |
| കമലൻപിള്ള | 102270200356 | വാർദ്ധക്യകാലം | 28.9.21 | ആക്ടീവ് | 10/21മുതൽ 11/22 വരെ 1600x14=22400 | 22400 |
| അബ്ദുൾറഷീദ് | 102270202280 | വാർദ്ധക്യകാലം | 28.9.21 | ആക്ടീവ് | 10/21മുതൽ 11/22 വരെ 1600x14=22400 | 22400 |
| ചന്ദ്രബാബു | 102270202600 | വാർദ്ധക്യകാലം | 14.1.22 | സസ്പെൻഡ് | 2/22മുതൽ 9/22 വരെ 1600x8=12800 | 12800 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇലകമൺ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.35തീയതി 09.02.23ന് മറുപടിയായി

വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5-2 തൊഴിൽ രഹിതവേതനം, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം - തനത് ഫണ്ടിൽ നിന്നും തെറ്റായി അനുവദിച്ചു

2021-22 സാമ്പത്തിക വർഷം 06/2021 മുതൽ 12/2021 വരെ തൊഴിലില്ലായ്മ വേതനം അനുവദിക്കുന്നതിനായി 18.03.2022 -ന് 42840/- രൂപ അലോട്ട്മെന്റ് ലഭിച്ചുവെങ്കിലും പ്രസ്തുത അലോട്ട്മെന്റിൽ നിന്നും തുക ചെലവഴിക്കുന്നതിന് പകരം ഗ്രാമപഞ്ചായത്തിന്റെ ട്രഷറി സേവിങ്സ് അക്കൗണ്ടിൽ നിന്നും 6692452 നമ്പർ ചെക്ക് പ്രകാരം 28320/- രൂപ പിൻവലിച്ച് വിതരണം ചെയ്തതായി കാണുന്നു. അലോട്ട്മെന്റായി ലഭിച്ച തുക സാമ്പത്തിക വർഷം അവസാനം വരെ വിനിയോഗിക്കാത്ത സാഹചര്യത്തിൽ അലോട്ട്മെന്റ് കാലഹരണപ്പെടുകയും തനത് ഫണ്ടിന് 28320/- രൂപയുടെ നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം 14 ഗുണഭോക്താക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനായി മൂന്ന് ഗഡുക്കളായി 420000/- രൂപ ( 19.01.2022 – 1,80,000/-, 10.03.2022 – 2,10,00/-, 24.03.2022 – 30000/-) അലോട്ട്മെന്റ് ലഭിച്ചിരുന്നു. പ്രസ്തുത അലോട്ട്മെന്റിൽ നിന്നും തുക ചെലവഴിക്കുന്നതിന് പകരം ഗ്രാമപഞ്ചായത്തിന്റെ ട്രഷറി സേവിങ്സ് അക്കൗണ്ടിൽ നിന്നും 6692446 നമ്പർ ചെക്ക് പ്രകാരം 180000/- രൂപ പിൻവലിച്ച് 6 ഗുണഭോക്താക്കൾക്ക് മാത്രം തുക വിതരണം ചെയ്തതായി കാണുന്നു. അലോട്ട്മെന്റ് തുക യഥാസമയം ചെലവഴിക്കാത്തതിനാൽ തുക കാലഹരണപ്പെടുകയും തനത് ഫണ്ടിന് 180000/- രൂപയുടെ നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ തൊഴിൽ രഹിതവേതന ഇനത്തിൽ 28320/- രൂപയും വിവാഹ ധനസഹായ ഇനത്തിൽ 180000/- രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതിനാൽ തനത് ഫണ്ടിന് 208320/- രൂപയുടെ നഷ്ടം സംഭവിക്കുകയും അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് മുഴുവനും തുക ലഭിക്കാതെ വരുകയും ചെയ്തിട്ടുണ്ട്.

വിവാഹധനസഹായ ഇനത്തിൽ 19.01.2022 -ൽ ലഭിച്ച 180000/- രൂപ അലോട്ട്മെന്റിൽ നിന്നും ചെലവാക്കുന്നതിന് പകരം തനത് ഫണ്ടിൽ നിന്നും തെറ്റായി തുക മാറി നൽകിയെന്നും അതിനുശേഷം 10.03.2022 ന് ലഭിച്ച 180000/- രൂപയുടെയും 24.03.2022 ലെ 30000/- രൂപയുടെയും അലോട്ട്മെന്റുകൾ ചേർത്ത് 240000/- രൂപ 8 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 30/03/2022 – ന് ട്രഷറിയിൽ ഇ- സബ്മിഷൻ സമർപ്പിച്ചുവെന്നും ഇ- സബ്മിഷൻ ബ്ലോക്ക്ഡ് എന്ന് കാണിച്ച് ബിൽ സമർപ്പിക്കാൻ കഴിഞ്ഞില്ലായെന്നും അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാൻ സാധിക്കാത്ത തുക സറണ്ടർ ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം വിവാഹ ധനസഹായ ആനുകൂല്യം നൽകുന്നതിലേയ്ക്ക് അനുവദിച്ച 420000/- രൂപ റീഅലോട്ട് ചെയ്യണമെന്ന അഭ്യർത്ഥന പരിഗണിച്ച് ടി തുകയും 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള 30000/- രൂപയും ഉൾപ്പെടെ 450000/- രൂപയുടെ അലോട്ട്മെന്റ് 14/01/2023 തീയതിയിൽ ലഭിച്ചിട്ടുണ്ട്. ആയതിൽ തനത് ഫണ്ടിൽ ഒടുക്കേണ്ട 180000/- രൂപയും ഗുണഭോക്താക്കൾക്ക് നൽകേണ്ട 270000/- രൂപയും ഉൾപ്പെടെയുള്ള ബിൽ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും തെറ്റായി ചെലവഴിച്ച 180000/- രൂപ തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തൊഴിലില്ലായ്മ വേതന ഇനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 28320/- രൂപ തിരികെ ലഭിക്കുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുക തിരികെ ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിൽ ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക തനത് ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സമൂഹത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നവർക്ക് ലഭിക്കുന്ന ഇത്തരം ധനസഹായങ്ങൾ അർഹതപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും അനുവദിക്കാതെ ലഭിച്ച അലോട്ട്മെന്റ് പാഴാക്കിയത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

( അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 52/ 13.02.2023 ന്റെ മറുപടി)

## 1-6 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.02.2023 തീയതിയിൽ 10.45AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13929/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

1) ഗ്രാമപഞ്ചായത്തിൽ മികച്ച അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

2) പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.

3) ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

4) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകൾ, സംയുക്ത പ്രൊജക്ടുകൾക്കായും പ്രത്യേക ഉദ്ദേശങ്ങൾക്കായും ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പ് തുടങ്ങിയവയുടെ കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

5) വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതുണ്ട്.

1) പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത്തരം വീഴ്ചകൾ പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്.

2) ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൺടികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്.എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല.

4) ഡെപ്പോസിറ്റ് പ്രവൃത്തികളിന്മേൽ മോണിട്ടറിംഗ് നടത്തുന്നില്ല.

5) സ്വന്തം ആസ്തികളിൽ തന്നെയാണോ പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യുന്നത് എന്ന് ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

6) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്.എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച പൗരാവകാശ രേഖ പുതുക്കിയിട്ടില്ല. പൗരാവകാശ രേഖ പുതുക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല.

7) സാമൂഹ്യസുരക്ഷപെൻഷനുകൾ അനർഹർ കൈപ്പറ്റുന്നത് തടയുന്നതിന് സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രവർത്തന നിയന്ത്രണങ്ങൾ സാധ്യമായിട്ടില്ല.

8)ISO സർട്ടിഫിക്കറ്റിന്റെ കാലാവധി 12.06.2022 ന് അവസാനിച്ചിട്ടുണ്ട്.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാനും അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

9) നികുതി, നികുതിയേതര വരുമാനങ്ങൾ എന്നിവയുടെ ശേഖരണം, രജിസ്റ്ററുകളുടെ പരിപാലനം എന്നിവയിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

## 1-8 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 26943 | 730727 | 757670 | 754603 | 3067 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 37589930 | 37589930 | 37589930 | 0 |
| ആകെ | 26943 | 38320657 | 38347600 | 38344533 | 3067 |

## 1-8-1 തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികൾ വാങ്ങുമ്പോൾ സർക്കാർ നിർദേശം പാലിക്കേണ്ടതാണ്.

ചുവടെ പറയുന്ന റോഡ് കോൺക്രീറ്റ് പ്രവർത്തികളിൽ നടത്തിയ മെറ്റീരിയൽ പർച്ചേസ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആതിരാ റോഡ് കോൺക്രീറ്റിംഗ്

RC/325103

Mbook 31/21-22

40 Mm Metal - 35.45 $M^3$

20 Mm Metal - 27.6 $M^3$

Msand - 36.7 $M^3$

Cement - 329 Bag

10 Mm Metal - 4.4 $M^3$

2. പൈങ്കുളം ചരുവിള റോഡ് കോൺക്രീറ്റിംഗ്

20 Mm Metal - 29.08 $M^3$

Msand - 49.24 $M^3$

Cement - 277 Bag

10 Mm Metal - 9.55 $M^3$

ടി പ്രവർത്തികളിൽ കരാറുകാരൻ വിതരണം നടത്തിയ മേൽ പറഞ്ഞ മെറ്റീരിയൽസ് എസ്റ്റിമേറ്റ് പ്രകാരമുള്ള അതേ അളവിൽ ലഭ്യമായിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അളന്ന് സാക്ഷ്യപ്പെടുത്തി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ,ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്കായി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.-39,തീയതി : 10.2.2023) മറുപടിയായി മേൽപറഞ്ഞ പ്രവർത്തികളിൽ മേറ്റ് കൈപ്പറ്റിയ മെറ്റിരിയലുകളുടെ പട്ടികയാണ് നൽകിയിട്ടുള്ളത്.സ.ഉ(കൈ) നം.93/2012/തസ്വഭവ, 31.3.2012 ൽ സാധന സാമഗ്രികളുടെ വാങ്ങലും,സംഭരണവും,വിതരണവും സംബന്ധിച്ച നിർദേശങ്ങളിൽ ,സാധന സാമഗ്രികൾ സൈറ്റിൽ എത്തിക്കുന്ന വാഹനത്തിന്റെ നമ്പർ, മോഡൽ എന്നിവ നോട്ട് ചെയ്ത് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം എൻജിനീയർക്കാണെന്നും ,സ്ഥലത്ത് ഇറക്കുന്ന സാധന സാമഗ്രികൾ സെക്രട്ടറിയുടെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ പാലിച്ചിട്ടുണ്ടെന്ന് എൻജിനീയർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.കൂടാതെ സാധന സാമഗ്രികൾ ഏറ്റുവാങ്ങുമ്പോൾ അതിനുള്ള കൈപ്പറ്റ് രസീത് മെയ്റ്റ് ഒപ്പിട്ട് എൻജിനീയറുടെ മേൽ ഒപ്പോടുകൂടി (അനുബന്ധം-5 ) എൻജിനീയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.എന്നാൽ ഇവിടെ ഹാജരാക്കിയ രേഖയിൽ (അനുബന്ധം-5 ) സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

ആയതിനാൽ മേൽ പറഞ്ഞ പ്രവർത്തികളിൽ ശേഖരിച്ചിട്ടുള്ള മെറ്റീരിയലിന്റെ സംഭരണം സംബന്ധിച്ച ആധികാരികത ഉറപ്പാക്കുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല.ഭാവിയിൽ തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികൾ വാങ്ങുമ്പോൾ സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-8-2 തൊഴിലുറപ്പ് പദ്ധതി-അവലോകനം

(അവലംബം ഓഡിറ്റ് എൻക്വയറി നം. 01, 6.2.2023)

| | |
|---|---|
| 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം- 4895<br>അംഗങ്ങൾ- 9666 |
| 2021-22 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം- 1696<br>തൊഴിലാളികൾ-1875 |
| 2021-22 സാമ്പത്തിക വർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം- 1696<br>തൊഴിലാളികൾ-1875 |
| 100 ദിവസത്തേക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുബങ്ങളുടെ എണ്ണം | 370 |
| തൊഴിൽ കാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | - |
| 15 ദിവസത്തിനകം തൊഴിൽ നൽകാനാകാതെ തൊഴിൽ രഹിത വേതനമ നൽകേണ്ടി വന്നവ | - |
| ബാങ്ക് അക്കൌണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | - |
| 14 ദിസവത്തേക്ക് ഒന്നിച്ച് ഡിമാന്റ് ചെയ്തവരുടെ എണ്ണം | 1326 |
| ഗ്രാമ പഞ്ചായത്തിലെ അയൽക്കൂട്ടങ്ങലുടെ എണ്ണം | 250 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങലുടെ എണ്ണം | 200 |
| ആവശ്യമായ തൊഴിൽ ദിനങ്ങൾ നിർദേശിച്ച അയൽക്കൂട്ടങ്ങൾ | 200 |
| ആകെ വാർഡുകളുടെ എണ്ണം | 16 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമ സഭകളുടെ എണ്ണം | 16 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമ സഭകളുടെ എണ്ണം | 16 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 853 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 228 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 112 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 62 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാസരി തൊഴിൽ ദിനങ്ങളുടെ എണ്ണം | 104219 |
| പരാതി രജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൌകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |
| അയൽക്കൂട്ടം,ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | - |
| ആസ്തി രജിസ്റ്റർ | ഉണ്ട് |
| ലേബർ കംപോണന്റ് | 30354648 |
| മെറ്റീരിയൽ കംപോണന്റ് | 7235282 |
| ആകെ വരവ് | 38066702 |
| ആകെ ചെലവ് | 38063634 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.07.2022 | 01.01.2021 മുതൽ 31.3.20222 വരെ | 05.07.2022 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.02.2020 | 2014-15 മുതൽ 2018-19 വരെ | 16.03.2020 |

## 1-10 സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വസ്തു നികുതി അടവാക്കുന്നില്ല

1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207 പ്രകാരം സർക്കാർ / എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വകുപ്പ് പ്രകാരം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. / കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | വിസ്തീർണ്ണം | ഉപയോഗ ക്രമം | കെട്ടിടത്തിന് നൽകിയ ഇളവ് |
|---|---|---|---|---|---|
| 1 | 7/193 | മെറ്റ്ക, ചാവർകോഡ് | 452.9 $M^2$ | വിദ്യാഭ്യാസാവശ്യം | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 2 | 7/194 | മെറ്റ്ക, ചാവർകോഡ് | 502 $M^2$ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 3 | 7/341 | വലിയ കുനമ്പായിക്കുളം കോളേജ് | 3669 $M^2$ | വിദ്യാഭ്യാസാവശ്യം | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 4 | 7/342 | വലിയ കുനമ്പായിക്കുളം കോളേജ് | 3669 $M^2$ | വിദ്യാഭ്യാസാവശ്യം | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 5 | 12/322 | എം.ജി.എം സ്കൂൾ | 151.6 $M^2$ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 6 | 12/324 | എം.ജി.എം സ്കൂൾ | 351.6 $M^2$ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങള് | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 7 | 12/326 A | എം.ജി.എം സ്കൂൾ | 105 $M^2$ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 8 | 12/328 | എം.ജി.എം സ്കൂൾ | 90 $M^2$ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 9 | 12/329 | എം.ജി.എം സ്കൂൾ | 25 $M^2$ | വിദ്യാഭ്യാസാവശ്യം | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 58/14.02.2023 ന് മറുപടിയായി കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ - സെക്ഷൻ 207 (ബിഎ) പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും, അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് മേൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിലെ ക്രമ നം 1, 2 സ്ഥാപനങ്ങൾ ബി.എഡ് കോളേജുകളും, ക്രമ നം 3, 4 എഞ്ചിനീയറിങ് കോളേജുമാണ്. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങളെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കാൻ

കഴിയില്ല എന്നത് വ്യക്തമാണ്.

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ വിമൽ ജ്യോതി എഞ്ചിനീയറിങ് കോളേജ് മാനേജറും തദ്ദേശ സ്വയംഭരണ സെക്രട്ടറിയുമായുള്ള കേസിന്റെ ( W.P(C)Nos 18185 Of 2019, 17577 Of 2010, 24238 Of 2011, 1421 Of2013, 9333 Of 2014, 10323 & 11152 Of 2015, 28475 Of 2016, 6468 Of 2017, 10637&37453 Of 2018, 7493, 11725 & 12720of 2019) 15.11.2019 – ലെ വിധിന്യായത്തിൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കാനാവില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 പൂതക്കുളം പഞ്ചായത്തിലെ കെട്ടിട നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെട്ട ഇലകമൺ പഞ്ചായത്തിലെ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്.

ഇലകമൺ ഗ്രാമപഞ്ചായത്തിലെ അയിരൂർ വില്ലേജിൽ കരം ഒടുക്കുന്ന വസ്തുക്കളിൽ സ്ഥിതി ചെയ്യുന്ന 29 കെട്ടിടങ്ങളുടെ നികുതി കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമ പഞ്ചായത്തിലാണ് വർഷങ്ങളായി ഒടുക്കി വരുന്നതെന്നും ആയത് മൂലം ടി വസ്തുക്കളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് ടി കുടുംബങ്ങൾക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ ടി കെട്ടിടങ്ങൾ ഇലകമൺ ഗ്രാമ പഞ്ചായത്തിന് വിട്ട് നല്കുന്നതിന് പൂതക്കുളം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം എടുത്തിട്ടുള്ളതും ജില്ലകളുടേയും ഗ്രാമ പഞ്ചായത്തിൻറെയും അതിർത്തി പരിശോധിച്ച് പ്രസ്തുത കെട്ടിടങ്ങളുടെ നികുതി ഇലകമൺ ഗ്രാമ പഞ്ചായത്തിൽ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഡി.ഡി.പി, പഞ്ചായത്ത് അസിസ്റ്റൻറ് ഡയറക്ടർ എന്നിവർ നിർദ്ദേശിച്ചിട്ടുള്ളതുമാണ് . ആയതിൻറെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്ഥല പരിശോധന നടത്തിയതിൽ 2 കെട്ടിടങ്ങൾ Demolished ആണെന്ന് വ്യക്തമായിട്ടുണ്ട്. 11.11.2021 – ലെ 4(1) നമ്പർ തീരുമാന പ്രകാരം നിലവിലുള്ള 27 കെട്ടിടങ്ങളുടെ വിവരങ്ങൾ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്ററിൽ നിന്ന് ഒഴിവാക്കി ഇലകമൺ ഗ്രാമപഞ്ചായത്തിൻറെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുന്നതിനുള്ള അനുമതിയ്ക്കായും സാങ്കേതിക സഹായം നൽകുന്നതിനായി ഇൻഫർമേഷൻ കേരള മിഷനോട് നിർദ്ദേശിക്കുന്നതിനായും പഞ്ചായത്ത് ഡയറക്ടറോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു. പ്രസ്തുത കെട്ടിടങ്ങളെ ഇലകമൺ പഞ്ചായത്തിലെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായും നികുതി സ്വീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 47/ 13.02.2023- ന്റെ മറുപടി). കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/ കെട്ടിട നമ്പർ ( പൂതക്കുളം ഗ്രാമ പഞ്ചായത്ത്) | ഉടമസ്ഥന്റെ പേര് | വാർഡ് നം/ കെട്ടിട നമ്പർ ( ഇലകമൺ ഗ്രാമ പഞ്ചായത്ത്) |
|---|---|---|---|
| 1 | (1X/558) | സുധീർ, സുധീർ കോട്ടേജ് | 3/381 D |
| 2 | 1X/557 | സജ് ല, ഇ.പി.ഹൗസ് | 3/380 Z |
| 3 | 1X/576 | വിമലദേവി, ദേവി സദനം | 3/381 E |
| 4 | 1X/242 | സുമാ രാജൻ, വടക്കേവിള വീട് | 3/380 C |
| 5 | IX/683 | ശ്രീജ, തളിര് | 3/381 F |
| 6 | 1X/245 | അജിത്കുമാർ.എസ്,ഭാഗ്യശ്രീ | 3/380 G |
| 7 | IX/247 | ചന്ദ്രബാബു / രേവമ്മ ,ആർ.സി ഭവൻ | 3/380 H |
| 8 | 1X/248 | സുഭാഷിണി,കൊച്ചുപാറക്കട | 3/380 K |
| 9 | 1X/249 | രമാഭായി.സി, കൊച്ചു പാറക്കട | 3/380 J |
| 10 | 1X/250 | ധർമ്മരാജൻ , കേശവ വിലാസ് | 3/380 M |
| 11 | 1X/251 | ധർമ്മരാജൻ , കേശവ വിലാസ് | 3/380 N |
| 12 | 1X/676 | ലളിതമ്മ അമ്മ ,പുന്നവിള വീട് | 3/380 D |
| 13 | 1X/678 | ലളിതമ്മ അമ്മ ,പുന്നവിള വീട് | 3/380 E |
| 14 | 1X/679 | ലളിതമ്മ അമ്മ ,പുന്നവിള വീട് | 3/380 F |
| 15 | 1X/255 | രാജു, വി.കെ.ആർ നിവാസ് | 3/380 O |
| 16 | 1X/256 | ചെല്ലമ്മ.എൻ ,കൊച്ചു പാറക്കട | 3/380 P |
| 17 | 1X/260 | പ്രശോഭൻ, കൊച്ചുപാറയിൽ വീട് | 3/380 S |
| 18 | 1X/263 | അരവിന്ദാക്ഷൻ, കൊച്ചുപാറയിൽ | 3/380 C |
| 19 | 1X/264 | ശിവധരൻ. പി.ആർ, കൊച്ചുപാറക്കട | 3/380 V |

| | | | |
|---|---|---|---|
| 20 | 1X/265 | പുഷ്പവല്ലി,കൊച്ചു പാറയിൽ വീട് | 3/380 W |
| 21 | 1X/241 | കെ.പി.ഉണ്ണികൃഷ്ണൻ,നളന്ദ | 3/380 B |
| 22 | 1X/ 261 | അരവിന്ദാക്ഷൻ,കൊച്ചുപാറയിൽ | 3/380 T |
| 23 | 1X/ 258 | സുധീർ,പാലവിള വീട് | 3/380 Q |
| 24 | 1X/ 259 | പ്രശോഭൻ,കൊച്ചുപാറക്കട, | 3/380 R |
| 25 | 1X/ 240 | രാജമണി, കടയിൽവീട് | 3/380 A |
| 26 | 1X/379 | ശിവധരൻ. പി,പ്ലാവിള | 3/380 Y |
| 27 | 1X/378 | ഭവാനി. എൻ,ഭവാനി സദനം | 3/380 X |

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ മേൽ കെട്ടിടങ്ങൾക്ക് 2022 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും നികുതി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇലകമൺ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതും അയിരൂർ വില്ലേജിൽ കരം ഒടുക്കുന്ന വസ്തുക്കളിൽ സ്ഥിതി ചെയ്യുന്നതുമായ കെട്ടിടങ്ങളുടെ നികുതി പൂതക്കുളം ഗ്രാമ പഞ്ചായത്തിൽ വർഷങ്ങളായി ഒടുക്കി വരുന്നുണ്ടെങ്കിൽ ആ കെട്ടിടങ്ങൾ എല്ലാം കണ്ടെത്തി പരിശോധന നടത്തി പ്രസ്തുത കെട്ടിടങ്ങളുടെ നികുതി ഇലകമൺ ഗ്രാമ പഞ്ചായത്തിൽ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 11.11.2021 – ലെ 4(2) നമ്പർ ഭരണസമിതി തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. അത്തരത്തിലുള്ള കെട്ടിടങ്ങൾ കണ്ടെത്തി പഞ്ചായത്തിന്റെ വസ്തു നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-12 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 14/24<br>14/ 24 A | സരസ്വതി, തേരിക്കൽകുന്ന് കോളനി,കെടാകുളം,ഹരിഹരപുരം |
| 2 | 14/15<br>14/15 D | സൗദാമിനി, തേരിക്കൽകോളനി,കെടാകുളം, |
| 3 | 7/113<br>7/116 B | കോമളം, മലവിളപുത്തൻവീട്,പാളയംകുന്ന് |
| 4 | 7/101 A<br>7/102 C | ബേബി, മലവിള പുത്തൻവീട്,വേങ്കോട് ,പാളയം |

പരിശോധന നടത്തി സഞ്ചയയിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി വസ്തു നികുതി പുനർനിർണയിച്ച് കെട്ടിട ഉടമയിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് 59/ 14.02.2022 -ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ഇതേ രീതിയിൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് ലഭിക്കുന്നുണ്ടെങ്കിൽ ആയത് കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## 1-13 വരവ് തുകകൾ യഥാസമയം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നില്ല

സ.ഉ(എം.എസ്) നമ്പർ 83/11/ ത.സ്വ.ഭ.വ തീയതി 28.03.2011 -ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 23 പ്രകാരം വരവായി ലഭിക്കുന്ന 500/- രൂപയിൽ അധികരിക്കുന്ന തുക അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവർത്തി ദിവസമോ ബാങ്ക് / ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പഞ്ചായത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക / കളക്ട് ചെയ്ത തീയതി | അക്കൗണ്ടിൽ ഒടുക്കിയ തീയതി |
|---|---|---|
| 1 | 17942/19.02.2022 | 24.02.2022 |
| 2 | 30714/21.02.2022 | 24.02.2022 |
| 3 | 67088/22.02.2022 | 24.02.2022 |

19/02/2022 ശനിയാഴ്ചയിലെ കളക്ഷൻ 21/02/2022 -ന് അടവാക്കേണ്ടതായിരുന്നുവെങ്കിലും 21/02/2022, 22/02/2022 തീയതികളിലെ ഓഫീസിലെ കാഷ്യർ, സീനിയർ ക്ലർക്ക് എന്നിവർക്ക് ട്രെയിനിങ്ങിൽ പങ്കെടുക്കേണ്ടി വന്നതിനാലാണ് യഥാസമയം തുക ബാങ്കിൽ ഒടുക്കാൻ കഴിയാതെ വന്നതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 61/15.02.2023 – ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - അപാകങ്ങൾ

ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങൾക്കും 2021-22വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം. | വാർഡ് നം. / കെട്ടിട നം. | ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | 7/16,17 | ബാബു.ജെ, ശ്രീ ജനാർദ്ദനം | സ്റ്റുഡിയോ & ഫാൻസി സെന്റർ |
| 2 | 6/477 A | നിയാസ്, മുല്ലശ്ശേരി | കശുവണ്ടി സംസ്കരണം |
| 3 | 4/564,566 | ദിലീപ്.എൻ, ദേവരാഗം | കമ്പ്യൂട്ടർ സെയിൽസ് & സർവീസസ് |
| 4 | 2/33 | നജ്മുദ്ദീൻ, ദാറുൽ അമീൻ | വസ്ത്ര വില്പന |

ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് കത്ത് നൽകിയത് പ്രകാരം ക്രമ നം. 1, 2 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെന്നും മറ്റ് സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 44/13.02.2023)

2)ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല

ട്രേഡേഴ്സ് ലിസ്റ്റ് 2021-22 പ്രകാരം പഞ്ചായത്തിൽ 210 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 193 വ്യാപാര സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട ലൈസൻസ് എടുക്കാത്ത എല്ലാ സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകിയിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട് ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 44/13.02.2023). ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3) ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പഞ്ചായത്ത് പരിധിയിലെ വാണിജ്യാവശ്യത്തിനുള്ള മുഴുവൻ സ്ഥാപനങ്ങളുടെ എണ്ണം 1488 ആണ്. എന്നാൽ 193 സ്ഥാപനങ്ങൾക്ക് മാത്രമാണ് 2021-22 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങളെ വ്യവസായ വകുപ്പിലെ ഇന്റേണിന്റെ സഹായത്തോടെയും അറിയിപ്പ് നൽകിയും ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട് ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 44/13.02.2023). 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലം ഉപയോഗിക്കുവാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-15 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 266, 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും, ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3) പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ

ചെയ്തിട്ടില്ലായെന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ട്യൂഷൻ സെന്ററുകൾ അന്വേഷിച്ച് കണ്ടെത്തി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 8/07.02.2023). രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് റിപ്പോർട്ട് ചെയ്യുന്നതിനും, ആയത് തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകങ്ങൾ

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , വകുപ്പ് 270,271, 1997 -ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ ചട്ടം3(2) പ്രകാരം സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.സഞ്ചയയിൽ ആശുപത്രി ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ആശുപത്രികൾ 2021-22 സാമ്പത്തിക വർഷം രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| Sl. No | Building ID | Door NO | Owner Name | Owner Address |
|---|---|---|---|---|
| 1 | 50227010002425 | 3/293 | Gopala Pillai | Chembakasseri |
| 2 | 50227010007468 | 6/261 | M.Saide | Shine Bunglow |
| 3 | 50227010016841 | 11/170/B | ANUJA . S | SMILEY ELITE |
| 4 | 50227010009064 | 11/717 | Dr.P.V.Raveendran | Deepthi |
| 5 | 50227010014592 | 12/15/A | Jyothisnazarulla | Sanketham |
| 6 | 50227010016618 | 12/15/B | Jyothis Nazarullah Rassin Nazarullah | Sanketham |
| 7 | 50227010016619 | 12/15/C | Jyothis Nazarullah Rassin Nazarullah | Sanketham |
| 8 | 50227010016620 | 12/15/D | 1.jyothis Nazarullah 2.Rassin Nazarullah | Sanketham |
| 9 | 50227010016621 | 12/15/E | Jyothis Nazarullah Rassin Nazarullah | Sanketham |
| 10 | 50227010010157 | 13/648/ | Dr.Sreekumar | Sarada Hospital |
| 11 | 50227010007347 | 13/649/ | Sreekumar | Sarada Hospital |

2. അനുപമ മൾട്ടി സ്പെഷ്യാലിറ്റി ദന്തൽ ക്ലിനിക്, പാർവതി ക്ലിനിക്കൽ ലബോറട്ടറി എന്നീ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ ഫീസ് ഈടാക്കുകയോ രജിസ്ട്രേഷൻ നൽകുകയോ ചെയ്തിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് 09/07.02.2023 – ന് മറുപടിയായി പട്ടികയിലെ ക്രമ നം. 5,6,7,8,9 മെഡിക്കൽ സ്ഥാപനങ്ങൾ കെ- സ്വിഫ്റ്റ് മുഖാന്തിരം ലൈസൻസ് എടുത്തിട്ടുള്ളവയാണെന്നും മറ്റ് സ്ഥാപനങ്ങൾക്ക് കത്ത് നൽകി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അനുപമ മൾട്ടി സ്പെഷ്യാലിറ്റി ദന്തൽ ക്ലിനിക്, പാർവതി ക്ലിനിക്കൽ ലബോറട്ടറി എന്നീ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും അപേക്ഷയിൽ അപാകത കണ്ടെത്തിയതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-17 വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 1089 നായകളിൽ 4 നായകൾക്ക് ലൈസൻസ് അനുവദിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 280 നായകൾക്ക് ലൈസൻസ് എടുത്തതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ലഭ്യമായ 280 അപേക്ഷകളിൽ 280 നായകൾക്കും ലൈസൻസ് നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ള നായകൾക്ക് പ്രതിരോധ കുത്തിവയ്പ്പ് ക്യാമ്പ് സംഘടിപ്പിച്ച് ലൈസൻസ് നൽകി വരുന്നതായും ഓഡിറ്റ് അന്വേഷണക്കുറിപ്പ് 10/07.02.2023-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. വെറ്ററിനറി

ആശുപത്രിയിൽ നിന്നും വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം ശേഖരിച്ച് പഞ്ചായത്ത് പരിധിയിലെ വളർത്തു നായകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-18 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 എന്നിവ പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | |
|---|---|---|---|
| | | സ്വകാര്യം | മറ്റുള്ളവ |
| 1 | ഡയറിഫാം | 4 | - |
| 2 | ഗോട്ട് ഫാം | 2 | - |
| 3 | ഇറച്ചിക്കോഴി | 6 | - |
| 4 | മുട്ടക്കോഴി | 2 | - |

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 14/08.02.2023 -ന് മറുപടിയായി ഒരു ഡയറിഫാമിനും, മൂന്ന് ഇറച്ചിക്കോഴി ഫാമുകൾക്കും, രണ്ട് മുട്ടക്കോഴി ഫാമുകൾക്കും ലൈസൻസ് നൽകിയതായും ബാക്കിയുള്ള ഫാമുകൾ കണ്ടെത്തി ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ ലൈവ്സ്റ്റോക്ക് ഫാമുകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി- അപാകങ്ങൾ

തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-19-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത്രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 4 പ്രകാരം സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടത് |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | I&II Half |
| 2 | ടെസ്‌ലാ ടെക് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | I&II Half |
| 3 | തൊടിയിൽ ആഡിറ്റോറിയം | I&II Half |
| 4 | താജ്മഹൽ ഓഡിറ്റോറിയം | II Half |
| 5 | ആമിന ആഡിറ്റോറിയം | I&II Half |

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 41/ 10.02.2023 -ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-19-2 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

FHC തോണിപ്പാറയിലെ 2 ജീവനക്കാർ ( സുമ.എസ്.എസ് - RBSK നഴ്സ്, രേഷ്മ.എം) മാത്രമാണ് ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. രണ്ടാം അർദ്ധ വർഷത്തിൽ 24 ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. കൂടാതെ ടെസ്‌ലാ ടെക് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവാർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണവും ഒന്നാം അർദ്ധവർഷത്തിൽ FHC തോണിപ്പാറയിൽ ജോലി ചെയ്ത ജീവനക്കാരുടെ ലിസ്റ്റും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 41/ 10.02.2023 -ന് മറുപടിയായി ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഒന്നാം അർദ്ധവർഷത്തിൽ FHC തോണിപ്പാറയിൽ ജോലി ചെയ്ത

ജീവനക്കാരുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇലകമൺ ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | മേൽവിലാസം |
|---|---|---|
| 1 | ശ്രീകുമാർ.എസ് | എസ്.എസ്.നിവാസ്, തേരിവിള, നെല്ലിമൂട് പി.ഒ, അതിയന്നൂർ |
| 2 | ശ്രീജിത്ത്.എസ് | എസ്.എസ്.നിവാസ്, തേരിവിള, നെല്ലിമൂട് പി.ഒ, അതിയന്നൂർ |
| 3 | രാധാകൃഷ്ണൻ | ശ്രീരാഗം, പാളയംകുന്ന് |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 27/ 08.02.2023 – ന് മറുപടിയായി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്നും തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 60 ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതും മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നികുതി അടച്ചിട്ടില്ലാത്തതുമായ ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പൊതു കുളങ്ങൾ ലേലം ചെയ്തു നല്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 10 പൊതുകുളങ്ങളിൽ 8 കുളങ്ങളിൽ മത്സ്യ കൃഷി നടത്തുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തി ടി വിവരം ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട കെടാകുളം കുളത്തിൽ മത്സ്യ കൃഷി നടത്തുന്നതിന് ജിജി വർഗ്ഗീസ്, കീഴേപുത്തൻവീട്, ഹരിഹരപുരം.പി. ഒ എന്ന ഗുണഭോക്താവിന് നൽകുന്നതിനും ടി വിവരം ഫിഷറീസ് വകുപ്പിന് കൈ മാറുന്നതിനും 03/11/2021 തീയതിയിലെ 7(1) നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. സ.ഉ (സാധാ)നം. 1833/2017/ ത.സ്വ.ഭ.വ തീയതി 02.06.2017 ഉത്തരവ് പ്രകാരം അംഗീകരിച്ച " Manual On Finance Management : Revenue For Grama Panchayats In Kerala “ ഖണ്ഡിക 5.7 പ്രകാരം മത്സ്യ കൃഷിക്കായി പൊതു കുളങ്ങളും തടാകങ്ങളും പൊതു ലേല നടപടികളിലൂടെ മാത്രം നൽകാവുന്നതാണെന്നും ഖണ്ഡിക 5.7.1.7 നിർദ്ദേശ പ്രകാരം മത്സ്യ കൃഷിക്കായി കുളം ലേലം കൊണ്ട വ്യക്തി സെക്രട്ടറിയുമായി കരാറിലേർപ്പെടേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മത്സ്യ കൃഷിയ്ക്കായി 8 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തപ്പോൾ മേൽ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്നും പൊതുകുളങ്ങളിൽ മത്സ്യകൃഷി ആരംഭിച്ച ഗുണഭോക്താക്കൾ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും സംബന്ധിച്ച വിവരം ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറി 64/15.2.2023 – ന് മറുപടിയായി ലേല നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നും, വരും വർഷങ്ങളിൽ പൊതു കുളങ്ങൾ ലേലനടപടികൾ സ്വീകരിച്ച് മാത്രം മത്സ്യകൃഷിയ്ക്കായി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-21 കേന്ദ്രവിഹിത ഇനത്തിൽ അവശേഷിക്കുന്ന തുക അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കുന്നില്ല.

കേന്ദ്രവിഹിതമായി ലഭിച്ചതുകയിൽ 2021-22 വർഷത്തെ നീക്കിയിരിപ്പ് (ബി4-(320100121 – ICDS ) 643428/- രൂപ ആണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 676720 |
| വരവ് | 802788 |
| ആകെ | 1479508 |
| ചെലവ് | 836080 |
| നീക്കിയിരിപ്പ് | 643428 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും

കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 05/07.02.2023 - ന് മറുപടിയായി അടുത്ത വർഷം മുതൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര വിഹിതം വിനിയോഗിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുൻവർഷത്തെ നീക്കിയിരിപ്പുൾപ്പെടെയുള്ള തുക 643428/- രൂപ വിനിയോഗിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ 24 അങ്കണവാടികളാണുള്ളത്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/ തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/07.02.2023 ന്റെ മറുപടി ചുവടെ ചേർക്കുന്നു

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 7 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 7 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | ഇല്ല |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 4 |
| 5 | റോഡിന് സമീപത്ത് അല്ലാത്തവ | ഇല്ല |
| 6 | കളിസ്ഥലം ഇല്ലാത്തവ | 2 |
| 7 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | ഇല്ല |
| 8 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 24 |
| 9 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 15 |
| 10 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 7 |
| 11 | വൈദ്യുതി ഇല്ലാത്തവ | ഇല്ല |
| 12 | പ്രഥമശുശ്രൂഷ കിറ്റ്, മരുന്നു കിറ്റ് എന്നിവ ഇല്ലാത്തവ | ഇല്ല |
| 13 | പാചകവാതക സൗകര്യം ഇല്ലാത്തവ | 1 |
| 14 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | ഇല്ല |
| 15 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | ഇല്ല |
| 16 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | ഇല്ല |
| 17 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | ഇല്ല |

പഞ്ചായത്ത് പരിധിയിലുള്ള അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം നിശ്ചിത ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ടി.എച്ച്.ആർ.എസ്) പ്രകാരം കേരള സർക്കാരിന് കീഴിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ആറ് മാസം മുതൽ മൂന്നു വയസുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്. കുടുംബശ്രീയുടെ വിദഗ്ധ പരിശീലനം നേടിയ അമൃതം ഫുഡ് സപ്ലിമെൻറ് യൂണിറ്റുകളാണ് ഈ പോഷകാഹാരം തയ്യാറാക്കുന്നത്. 22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉല്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും

സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതു സംബന്ധിച്ച വിവരങ്ങൾ പ്രോജക്ട് ഫയലിൽ ലഭ്യമല്ല. 2021-22 കാലയളവിൽ പരിശോധനയ്ക്കായി അയച്ച ന്യൂട്രിമിക്സ് സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 04/07.02.2023 ന് മറുപടിയായി 28.05.2022 ന് ലഭിച്ച പരിശോധനാ റിപ്പോർട്ടാണ് ലഭ്യമാക്കിയിട്ടുള്ളത്. കോവിഡ് കാലയളവായതിനാൽ ന്യൂട്രിമിക്സ് സാമ്പിളുകൾ 2022 ഏപ്രിൽ മാസത്തിലാണ് പരിശോധന നടത്തിയതെന്ന് അറിയിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-24 അങ്കണവാടികൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ - സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0137/2021-22 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടികൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ |
| അടങ്കൽ | 39000/- ( തനത് ഫണ്ട്) |
| ചെലവ് | 38944/- |
| ബിൽ നമ്പർ | 434/30.03.2022 തുക 38944/- |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

സ്വന്തമായി കെട്ടിടമുള്ള 13 അങ്കണവാടികൾക്ക് നെയിം ബോർഡ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ട് മുഖേന 13 നെയിംബോർഡുകൾ ARTCO യിൽ നിന്നും ഇൻവോയ്സ് നം - 662 തീയതി 18/03/2022 പ്രകാരം വാങ്ങിയിട്ടുണ്ട്.
നെയിം ബോർഡിന്റെ സ്പെസിഫിക്കേഷൻ

നീളം - 4 അടി, വീതി - 3 അടി

ഫ്രെയിം - G1 സ്ക്വയർ പൈപ്പ്

Board – ACP Sheet

സ.ഉ (സാധാ) നം. 1/2021/spd തീയതി 05.01.2021 ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടികൾ കൂടാതെ സ്റ്റീൽ ഫർണിച്ചറുകൾ, തടി കൊണ്ടുള്ള ഫർണിച്ചറുകൾ, ഹോസ്പിറ്റൽ ഫർണിച്ചറുകൾ എന്നിവ വിതരണം ചെയ്യുന്നതിന് ARTCO യ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവയ്ക്ക് പുറമെയുള്ള വിതരണങ്ങൾക്ക് ക്വട്ടേഷൻ / ടെണ്ടർ നടപടികൾ പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ അങ്കണവാടികൾക്ക് നെയിം ബോർഡ് സ്ഥാപിക്കൽ പദ്ധതിയിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/08.02.2023) ന് മറുപടിയായി പ്രോജക്ട് രൂപീകരണ ഫോറത്തിൽ ARTCO എന്ന് രേഖപ്പെടുത്തിയതിനാലാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാത്തതെന്നും ഭാവിയിൽ അപാകം ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ച കൊണ്ട് മാത്രം വാങ്ങലുകൾ നടത്തേണ്ടതാണ്.

## 1-25 ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0036/2021-22 |
| പ്രോജക്ടിന്റെ പേര് | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 219500/- ( 169500/- വി.ഫ.ജ, 50000/- ബ്ലോക്ക് വിഹിതം) |
| ചെലവ് | 162300/-(112300/- വി.ഫ.ജ, 50000/- ബ്ലോക്ക് വിഹിതം) |
| ബിൽ നമ്പർ | 89/24.09.2021 തുക 36100/-<br>90/24.09.2021 തുക 50000/-<br>209/29.12.2021 തുക 24600/-<br>307/23.02.2022 തുക 51600/- |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പ്രോജക്ട് മുഖേന സ്കോളർഷിപ്പ് ലഭിച്ച നിരഞ്ജന.എം.കുമാർ, എന്ന വിദ്യാർത്ഥിയുടെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റിൽ പ്രസ്തുത വിദ്യാർത്ഥിക്ക് മെന്റൽ റിട്ടാർഡേഷൻ (47 %) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ.ഉ (സാധാ) നം. 181/2020/ ത.സ്വ.ഭ.വ തീയതി 23/01/2020 പ്രകാരം സെറിബ്രൽ

പാൾസി, ഓട്ടിസം, മെന്റൽ റിട്ടാർഡേഷൻ, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവയുള്ളവരെ മാനസിക വെല്ലുവിളി നേരിടുന്നവരുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ മാനസിക വെല്ലുവിളി നേരിടുന്നവരുടെ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിക്ക് സ്നേഹസ്പർശം പ്രോജക്ട് മുഖേന ലഭിക്കുന്ന പരമാവധി തുകയായ 28500/- രൂപ അനുവദിക്കുന്നതിന് പകരം ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് മുഖേന 8000/- രൂപ മാത്രമാണ് അനുവദിച്ചത്. കൂടാതെ ഗുണഭോക്തൃ ലിസ്റ്റിൽ ക്രമ നം. 19 ആയി ഉൾപ്പെട്ട ശരണ്യ.ജെ, ശരണ്യ നിവാസിന് ആനുകൂല്യം നൽകിയിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 11/08.02.2023 – ന് മറുപടിയായി നിരഞ്ജന.എം.കുമാർ, 2021-22 സാമ്പത്തിക വർഷം ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള അപേക്ഷയാണ് ലഭ്യമാക്കിയതെന്നും 2022-23 സാമ്പത്തിക വർഷം മുതൽ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പാണ് നൽകി വരുന്നതെന്നും അറിയിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം ലഭ്യമാക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ ഏത് വിഭാഗത്തിൽ (ശാരീരികം / മാനസികം) ഉൾപ്പെടുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. ശരണ്യ ജെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും കോവിഡ് കാലമായതിനാൽ സ്കൂളിൽ പോകാത്തതിനാൽ രക്ഷകർത്താവ് അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. അർഹത കൃത്യമായി ഉറപ്പു വരുത്തി അർഹരായവർക്ക് പൂർണമായ തുക ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-26 ജാഗ്രതാ സമിതിക്ക് ഓഫീസ് സജ്ജീകരിക്കേണ്ടതാണ്

സ.ഉ(എം.എസ്) നം.31/07 സ.ക്ഷേ.വ തീ.23.06.2007 ഉത്തരവ് പ്രകാരമുള്ള മാർഗരേഖ ഭാഗം 1.7 പ്രകാരം ജാഗ്രത സമിതി ഓഫീസ് സജ്ജീകരിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജാഗ്രത സമിതി ഓഫീസിൽ, കേസിന്റെ സിറ്റിംഗിനുള്ള സ്വകാര്യത ഉണ്ടാകണമെന്നും സ്വതന്ത്ര സംഭാഷണം നടത്താനുള്ള സൗകര്യം ഉണ്ടാകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പുറമേ നിന്ന് ഓഫീസ് കാണത്തക്കവിധം ആസ്ഥാനത്തിന്റെ ബോർഡ് സ്ഥാപിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ജാഗ്രത സമിതി ഓഫീസ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ജാഗ്രതാ സമിതി നാളിതുവരെ നടത്തിവന്നിരുന്നത് പഞ്ചായത്ത് ഹാളിൽ വച്ചായിരുന്നുവെന്നും വാർഡ് തലത്തിൽ ലഭിക്കുന്ന പരാതി വാർഡ് തലത്തിൽ തന്നെ പരിഹരിച്ച് പോരുന്നതായും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ പരാതി ലഭിക്കുന്ന മുറയ്ക്ക് കേസിന്റെ സിറ്റിംഗിനുള്ള സ്വകാര്യതയ്ക്ക് മുറി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 50/13.02.2023). മാർഗരേഖ പ്രകാരമുള്ള ഓഫീസ് ജാഗ്രതാസമിതിയ്ക്കായി സജ്ജീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ആസ്തി പരിപാലനം

ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനായുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാന്വൽ, സ.ഉ.(ആർടി) നം.166/17/തസ്വഭവ തീയതി പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 08.11.2018-ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി (AMMC) രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.എന്നാൽ പഞ്ചായത്തിൽ ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1.പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ മുഴുവൻ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പരിശോധനയ്ക്കു ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ അപൂർണ്ണവും, രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തൽ വരുത്താത്തവയുമാണ്.

2.ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളിന്മേൽ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ വിവരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.
3.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.പി/എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.

4.പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന

റോഡ് രജിസ്റ്ററും, റോഡ് കണക്റ്റിവിറ്റി മാപ്പും സൂക്ഷിച്ചിട്ടില്ല.

5. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു

അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽ നടപടിക്രമങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ എന്നത് പാലിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ബഡ്സ് സ്കൂൾ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ ആശ്രിതത്വത്തിൽ നിന്ന് സ്വയം ആശ്രിതത്വത്തിലേക്കോ സ്വാതന്ത്ര്യത്തിലേക്കോ മാറാൻ സഹായിക്കുക എന്ന ഉദ്യമത്തോടുകൂടി തുറന്ന സ്പെഷ്യൽ സ്കൂളുകളാണ് ബഡ്സ് സ്കൂളുകൾ. പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളുടെ വൈകാരികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ബഡ്സ് സ്കൂൾ പദ്ധതി വിഭാവനം ചെയ്യുന്നു. ഇലകമൺ ഗ്രാമപഞ്ചായത്തിൽ 5.08.2017മുതൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ച് വരുന്നു. സ്വന്തം കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

സർക്കാർ ഉത്തരവ് 144/2013 തസ്വഭവ, തിയ്യതി.6-4-2013 ഖണ്ഡിക 14 പ്രകാരം ദേശീയ വികലാംഗ നിയമമനുസരിച്ചുള്ള അംഗീകാരം സ്ഥാപനം ആരംഭിച്ച് ആറുമാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യക്ഷേമ ഡയറക്ടറിൽ നിന്നും വാങ്ങേണ്ടതാണെന്ന് നിഷ്കർഷിയ്ക്കുന്നുണ്ട്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ സ്ഥാപനത്തിന് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം - 24തീയതി 08.02.2023). 14.02.2023ന് ഓഡിറ്റ് ടീം ബഡ്സ് സ്കൂൾ സന്ദർശിക്കുകയുണ്ടായി. 50 കുട്ടികളുടെ അഡ്മിഷൻ ഉള്ള സ്കൂളിൽ നിലവിൽ 30 കുട്ടികൾ സ്ഥിരമായി പഠിക്കുന്നുണ്ട്. എന്നാൽ 30 കുട്ടികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്കൂളിൽ ഒരുക്കിയിട്ടില്ല. സ്കൂളിന്റെ മുന്നിൽ വരെ വാഹനം എത്താത്തത് ശാരീരികപരിമിതികളുള്ള കുട്ടികൾക്ക് സ്കൂളിൽ പ്രവേശിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. സ്കൂളിന്റെ സ്ഥലപരിമിതി, കുട്ടികളുടെ ബുദ്ധിവികാസത്തിനാവശ്യമായ ഉപകരണങ്ങളുടെ കുറവ്, ടോയ്‌ലെറ്റുകളുടെ കുറവ്, ചെറുതും സൗകര്യങ്ങളില്ലാത്തതുമായ അടുക്കള എന്നിവയെല്ലാം ബഡ്സ് സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. സമൂഹത്തിന്റെ പ്രത്യേക ശ്രദ്ധയും പരിഗണനയും അർഹിക്കുന്ന ബഡ്സ് സ്കൂൾ കുട്ടികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സുഗമമായ പ്രവർത്തനത്തിനുമുതകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ശ്രദ്ധ ചെലുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-29 തെരുവുവിളക്ക് പരിപാലനം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണം

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവ് വിളക്ക് അറ്റകുറ്റപ്പണി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 88/22 |
| അടങ്കൽ | 3,00,000/-<br>ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | 2,48,190/- |
| ബിൽ നമ്പർ | 86093/-134/26.10.21<br>162097/-183/10.12.21 |

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015ലെ ജി2-44274/2015ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ തെരുവ് വിളക്ക് പരിപാലനത്തിന് പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.ആയത് പ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഡ്തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയും പ്രതിമാസം പ്രവർത്തനപുരോഗതി വിലയിരുത്തുകയും ചെയ്തിട്ടില്ല.

2. ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തികവർഷാവസാനം ഇപ്രകാരമുള്ള Stock In Registerഉം Stock Out Registerഉം റികൺസൈൽ ചെയ്യേണ്ടതുമാണ്.എന്നാൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

3. കരാറുകാരന്റെ ഇൻഷുറൻസ് പകർപ്പ്, ലൈസൻസിന്റെ പകർപ്പ് എന്നിവ ഫയലിൽ ലഭ്യമല്ല.

ഓഡിറ്റ് എൻക്വയറി നം.21 തീയതി 08.02.2023.ന് മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് പകർപ്പ്, ലൈസൻസിന്റെ പകർപ്പ് എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ടെങ്കിലും അനെർട്ടിന്റെ ക്യാപയിൻ പാർട്ട്ണറായി ഊർജ്ജമിത്രയെ തെരഞ്ഞെടുത്തതിന്റെ രേഖകൾമാത്രമാണ് ഹാജരാക്കിയത്.

തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ.3/ 2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പൊതു മരാമത്ത് പ്രവർത്തികളിൽ ഭൂരിഭാഗവും നടപ്പിലാക്കിയില്ല.

2021-22 വർഷത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തുന്നതിനായി 32 പ്രോജക്ടുകളാണ് രൂപീകരിച്ചിരുന്നത്.ഇതിൽ 17 പ്രോജക്ടുകൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത് (വകയിരുത്തിയ തുക 1,71,84,834/- ചെലവ് തുക 91,17,804/- ) .പതിനാറ് വാർഡുകൾ ഉൾപ്പെടുന്ന പഞ്ചായത്തിൽ റോഡ് വികസനം, മറ്റ് ഭൌതിക,പശ്ചാത്തല സൗകര്യ വികസനത്തിനായി ആകെ 17 പ്രവർത്തികൾ മാത്രമാണ് നിർവ്വഹിച്ചത്. പദ്ധതികളുടെ എണ്ണം കുറഞ്ഞതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.-30, തീയതി 9.2.2023) ലഭ്യമാക്കിയ മറുപടിയിൽ വിവിധ പ്രവർത്തികളിൽ ടെൻഡർ ക്ഷണിച്ചിട്ടും കരാർ ഏറ്റെടുക്കാൻ കരാറുകാർ ഇല്ലായിരുന്നുവെന്നുള്ള മറുപടികളാണ് നൽകിയിട്ടുള്ളത്.ഇത്തരത്തിൽ വിവിധ കാരണങ്ങളാൽ പ്രവർത്തികൾ നിർവ്വഹിക്കാതെ വരുമ്പോൾ ജനങ്ങൾക്ക് പഞ്ചായത്ത് മുഖാന്തിരം ലഭ്യമാകേണ്ട വികസന പ്രവർത്തനങ്ങൾ ലഭ്യമാകാതെ വരുന്നു. പദ്ധതിപ്പണം ഉപയോഗ്യമാകാതെ പാഴാകുന്നു. ഇത് ആശാസ്യകരമായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-31 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല-വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ |
| പ്രോജക്റ്റ് നം | 69/21-22 |
| ഫണ്ട് | മെയിൻന്റനൻസ് ഫണ്ട്(റോഡിതരം) |
| അടങ്കൽ | 300000 |
| ചെലവ് തുക | 300000 |
| ബിൽ നം. | 122/21-22, 19.10.2021 |

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റിൽ ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് 3,00,000/-രൂപ നൽകിയിരുന്നു.എന്നാൽ 1,58,199/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളതായി ഫയൽ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കാണുന്നത്.ശേഷിക്കുന്ന മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.28,തീയതി 8.2.2023) ലഭ്യമാക്കിയ മറുപടിയിൽ ശേഷിക്കുന്ന മരുന്ന് ലഭിക്കുന്നതിനായി ഹോംകോയിൽ അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്നു.മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്,

## 1-32 കമ്പ്യൂട്ടർ, പ്രിൻറർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-അധികം നൽകിയ തുക തിരികെ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ, പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |

| | |
|---|---|
| പ്രോജക്റ്റ് നം | 71/21-22 |
| ഫണ്ട് | മെയിൻന്റനൻസ് ഫണ്ട്(റോഡിതരം) |
| അടങ്കൽ | 60000 |
| ചെലവ് തുക | 51298 |
| ബിൽ നം. | 212/21-22, 3.1.2022 |

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റിൽ, കമ്പ്യൂട്ടർ, പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 51,298/- രൂപ കെൽട്രോണിന് നല്കിയിരുന്നു. എന്നാൽ ഇ വെ ബിൽ പ്രകാരം 30,077/- രൂപയുടെ കമ്പ്യൂട്ടറും (ഇ വെ ബിൽ നം.571380449683/17.6.2022), 19,248/- രൂപയുടെ പ്രിന്റർ (Delivery Challan No.04177/ITP/22-23, 30.7.2022) (ആകെ. 49,325/-) എന്നിവയാണ് ലഭ്യമായിട്ടുള്ളത്. ഇപ്രകാരം അധികം നൽകിയ 1973/- രൂപ തിരികെ ലഭ്യമായിട്ടുണ്ടോ, ഇല്ലെങ്കിൽ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.-28,തീയതി 8.2.2023) ലഭ്യമാക്കിയ മറുപടിയിൽ തുക ലഭിക്കുന്നതിനായി കെൽട്രോണിന് കത്ത് അയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.തുക തിരികെ ലഭിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-33 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ പരിശോധനക്ക് ഹാജരാക്കിയില്ല-ആകെ ചെലവ് തുകയായ 67,28,146/-രൂപ തടസപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ 11 പ്രോജക്റ്റുകളുടെ പരിശോധനക്ക് ആവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനായി 8.2.2023 തീയതിയിൽ ഓഡിറ്റ് റിക്വിസിഷൻ -3 നൽകിയിരുന്നു.തുടർന്ന് ഏതാനും ചില ബില്ലുകൾ മാത്രം പരിശോധനക്ക് ഹാജരാക്കുകയും, കൂടുതൽ അനുബന്ധ രേഖകൾ ഹാജരാക്കുന്നതിനായി 9.2.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി -34 നൽകുകയും, തുടർന്നും രേഖകൾ ലഭ്യമാക്കാത്തതിനാൽ ഓരോ പ്രോജക്റ്റുകളുടെ ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള വിശദമായ ഓഡിറ്റ് റിക്വസിഷൻ-5 /10.2.2023 തീയതിയിൽ നൽകുകയും ചെയ്തു.എന്നാൽ അതിനു ശേഷം 2022-23 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ ചെലവുകളടങ്ങിയ കുറച്ച് രേഖകൾ മാത്രം ഹാജരാക്കുകയാണ് ചെയ്തിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷത്തിലും ഇതേ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രേജക്റ്റുരേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ വിവിധ ചെലവുകൾ ഓഡിറ്റ് തടസപ്പെടുത്തുകയുണ്ടായി.

1.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഡയാലിസിസ് കിറ്റ് വാങ്ങൽ |
| പ്രോജക്റ്റ് നം. | 54/21-2 |
| ഫണ്ട് | മെയിൻന്റനൻസ് ഫണ്ട്(റോഡിതരം) |
| അടങ്കൽ | 400000 |
| ചെലവ് തുക | 400000 |
| ബിൽ നം. | 6/21-22, 24.5.21, 200000/-<br>264/21-22, 7.2.2022,200000/- |

2.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | മരുന്നു വാങ്ങൽ (പി.എച്ച്.സി) |
| പ്രോജക്റ്റ് നം. | 52/21-2 |
| ഫണ്ട് | മെയിൻന്റനൻസ് ഫണ്ട്(റോഡിതരം) |

| | |
|---|---|
| അടങ്കൽ | 2232350 |
| ചെലവ് തുക | 2232350 |
| ബിൽ നം. | 5/24.5.21, 10,00,00/-<br>99/30.9.21, 2,32,350/-<br>188/17.12.21, 5,00,000/-<br>382/19.3.2022, 5,00,000/- |

3.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കോവിഡ് പ്രതിരോധ സുരക്ഷാ ഉപകരണങ്ങൾ വാങ്ങലും അനുബന്ധ പ്രവർത്തനങ്ങളും |
| പ്രോജക്റ്റ് നം. | 62/21-2 |
| ഫണ്ട് | തനത് ഫണ്ട് |
| അടങ്കൽ | 150000 |
| ചെലവ് തുക | 150000 |
| ബിൽ നം. | 3/11.5.21, 70000/-<br>9/24.5.22, 80000/- |

4.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പാലിയേറ്റീവ് കെയർ ഡ്രൈവറുടെ ശമ്പളം |
| പ്രോജക്റ്റ് നം. | 65/21-2 |
| ഫണ്ട് | തനത് ഫണ്ട് |
| അടങ്കൽ | 250000 |
| ചെലവ് തുക | 242100 |
| ബിൽ നം. | 4/17.5.21, 30600/-<br>20/8.6.21, 19710/-<br>32/1.7.21, 19710/-<br>45/27.7.21, 19710/-<br>76/2.9.21, 17260/-<br>104/ 7.10.21, 19710/-<br>158/6.11.21, 18980/-<br>173/3.12.21, 19710/-<br>210/1.1.22, 19710/-<br>263/7.2.22, 19710/-<br>337/2.3.22, 17520/-<br>367/10.3.22, 19710/- |

5.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കോവിഡ് പ്രതിരോധ സുരക്ഷാ ഉപകരണങ്ങൾ വാങ്ങലും അനുബന്ധ പ്രവർത്തനങ്ങളും |

| | |
|---|---|
| പ്രോജക്റ്റ് നം. | 85/21-2 |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| അടങ്കൽ | 500000 |
| ചെലവ് തുക | 431749 |
| ബിൽ നം. | 35/1.7.21, 38449/-<br>65/1.9.21, 15624/-<br>94/28.9.21, 151653/-<br>178/8.12.21, 8000/-<br>179/8.12.21, 35919/-<br>228/15.1.22, 9000/-<br>258/29.1.22, 5000/-<br>261/7.2.22, 50000/-<br>359/8.3.22, 6650/-<br>374/16.3.22, 25450/-<br>393/21.3.22, 3000/-<br>394/21.3.22, 4550/-<br>395/21.3.22, 11760/-<br>413/23.3.22, 10950/-<br>421/25.3.22, 23500/-<br>431/27.3.22, 30000/-<br>440/30.3.22, 11894/- |

6.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | വയോമിത്രം (എസ്.സി.പി) |
| പ്രോജക്റ്റ് നം. | 44/21-2 |
| ഫണ്ട് | എസ്.സി.പി |
| അടങ്കൽ | 500000 |
| ചെലവ് തുക | 500000 |
| ബിൽ നം. | 22/10.6.21, 450000/-<br>347/4.3.22, 50000/- |

7.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ആരോഗ്യ വിദ്യാലയം |
| പ്രോജക്റ്റ് നം. | 56/21-2 |
| ഫണ്ട് | വികസന ഫണ്ട് |
| അടങ്കൽ | 58718 |
| ചെലവ് തുക | 43200 |

| | |
|---|---|
| ബിൽ നം. | 396/21.3.22, 6600/-<br>397/21.3.22, 6600/-<br>229/15.1.22, 30000/- |

8.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി സങ്കേതങ്ങളിൽ ആരോഗ്യ പരിരക്ഷ |
| പ്രോജക്റ്റ് നം. | 47/21-2 |
| ഫണ്ട് | എസ്.സി.പി-504300<br>വികസന ഫണ്ട്-41282 |
| അടങ്കൽ | 545582 |
| ചെലവ് തുക | 461942 |
| ബിൽ നം. | 271/10.2.22, 131256/-<br>357/8.3.22, 80000/-<br>358/8.3.22, 206000/-<br>392/21.3.22, 4000/-<br>432/27.3.22, 40686/- |

9.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആർദ്രം പദ്ധതി-ഡോക്ടറുടേയും, പാരാമെഡിക്കൽ ജീവനക്കാരുടേയും വേതനം |
| പ്രോജക്റ്റ് നം. | 64/21-2 |
| ഫണ്ട് | വികസന ഫണ്ട്-760000<br>തനത് ഫണ്ട്-223725 |
| അടങ്കൽ | 983725 |
| ചെലവ് തുക | 978680 |
| ബിൽ നം. | 7/24.5.21, 80435/-<br>19/8.6.21, 80435/-<br>34/1.7.21, 80435/-<br>43/27.7.21, 24040/-<br>55/9.8.21, 1920/-<br>126/25.10.21, 80915/-<br>174/3.12.21, 80915/-<br>203/27.12.21, 80915/-<br>257/29.1.22, 80915/-<br>312/24.2.22, 80915/-<br>368/10.3.22, 80915/-<br>406/23.3.22, 2200/-<br>44/27.7.21, 56395/- |

| | |
|---|---|
| | 98/30.9.21, 110935/-<br>69/1.9.21, 56395/- |

10.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വയോമിത്രം (ജനറൽ) |
| പ്രോജക്റ്റ് നം. | 42/21-2 |
| ഫണ്ട് | വികസന ഫണ്ട് |
| അടങ്കൽ | 600000 |
| ചെലവ് തുക | 588125 |
| ബിൽ നം. | 23/10.6.21, 46875/-<br>28/25.6.21, 50100/-<br>33/1.7.21, 47950/-<br>47/27.7.21, 48600/-<br>85/24.9.21, 52200/-<br>121/18.10.21, 44200/-<br>157/6.11.21, 50800/-<br>172/3.12.21, 29700/-<br>185/14.12.21, 20000/-<br>214/3.1.22, 31900/-<br>220/11.1.22, 20000/-<br>262/7.2.22, 30800/-<br>273/10.2.22, 20000/-<br>412/23.3.22, 47500/-<br>433/27.3.22, 47500/- |

11.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണം |
| പ്രോജക്റ്റ് നം. | 41/21-2 |
| ഫണ്ട് | വികസന ഫണ്ട്-500000<br>ബ്ലോക്ക് ഷെയർ -200000 |
| അടങ്കൽ | 700000 |

| | |
|---|---|
| ചെലവ് തുക | 700000 |
| ബിൽ നം. | 8/24.5.21, 32523/-<br>12/25.5.21, 100000/-<br>21/8.6.21, 18230/-<br>31/1.7.21, 18230/-<br>54/9.8.21, 18230/-<br>86/24.9.21, 19430/-<br>105/7.10.21, 18230/-<br>120/8.10.21, 44801/-<br>127/25.10.21, 18230/-<br>171/3.12.21, 18230/-<br>204/27.12.21, 18230/-<br>269/10.2.22, 50000/-<br>293/20.2.22, 18230/-<br>338/2.3.22, 19230/-<br>373/16.3.22, 38502/-<br>369/10.3.22, 18230/-<br>407/23.3.22, 29419/-<br>383/19.3.22, 2025/- |

മേൽ സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മേൽ പറഞ്ഞ11 പ്രോജക്റ്റുകളിലെ ആകെ ചെലവ് തുകയായ 67,28,146/-രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു.നിരന്തരം ആവശ്യപ്പെട്ടിട്ടും നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ തുടർച്ചയായ വർഷങ്ങളിൽ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതുമൂലം പഞ്ചായത്തിന്റെ വിവിധ ഫണ്ടിൻ മേലുള്ള വിനിയോഗത്തിന്റെ കൃത്യതയും, ആധികാരികതയും ശരിയായ രീതിയിലാണോ എന്ന് വിലയിരുത്തുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ലാത്തതാകുന്നു. ടിയാന്റെ പ്രവർത്തി ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൻമേൽ പ്രത്യേകം ക്ഷണിക്കുന്നു. ഈ ഗൗരവപൂർണമായ വിഷയത്തിൽ കൃത്യമായ മറുപടിയും എല്ലാ ചെലവ് രേഖകളും ഒരു മാസത്തിനകം ഓഡിറ്റിൽ ഹാജരാക്കാത്ത പക്ഷം ടി തുക ടിയാന്റെ ബാദ്ധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതും സർക്കാർ ശ്രദ്ധയിൽ അടിയന്തിരമായി കൊണ്ടുവരുന്നതുമാണ്.

## 1-34 ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും

2003-ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് അടിയന്തര സഹായം നൽകുന്നതിനായി പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ടു സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവരടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിത്വാശാസനിധിയ്ക്കായി അയിരൂർ വില്ലേജ് സർവ്വീസ് സഹകരണ ബാങ്കിൽ അക്കൌണ്ട് ആരംഭിച്ചിട്ടുണ്ട്.(SB 1236).നിലവിൽ അക്കൌണ്ടിൽ 11201/-രൂപ നീക്കിയിരിപ്പുണ്ട്. 30.03.2019ന ശേഷം അക്കൌണ്ടിൽ വരവും ചെലവും ഇല്ല.

കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്.ദുരിതാശ്വാസ നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 പൊതുടാപ്പുകൾക്ക് വാട്ടർ ചാർജ് -പ്രവർത്തനക്ഷമായതിന് മാത്രം വാട്ടർ ചാർജ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2021-22 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ, പഞ്ചായത്തിലെ 295 പൊതുടാപ്പുകൾക്ക് വാട്ടർ ചാർജ് ഇനത്തിൽ തുക അടവാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പൊതുടാപ്പുകൾക്ക് വാട്ടർ ചാർജ് അടവാക്കുന്നതിനായി പഞ്ചായത്തും, വാട്ടർ അതോറിറ്റിയും സംയുക്തമായി പെതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയതു സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം.-31, തീയതി : 9.2.2023).നൽകിയിരുന്നുവെങ്കിലും ആയതിന് ലഭ്യമാക്കിയ മറുപടിയിൽ 15.2.2022, 25.2.2022 എന്നീ തീയതികളിൽ സംയുക്ത പരിശോധന നടത്തിയതായും ആയതിൽ നിലവിൽ പ്രവർത്തനക്ഷമമയത് 263 എണ്ണം മാത്രമാണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.ഭാവിയിൽ പ്രവർത്തനക്ഷമായതിന് മാത്രം വാട്ടർ ചാർജ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടി അറിയിക്കേണ്ടതാണ്.

## 1-36 ജലജീവൻമിഷൻ കുടിവെള്ള കണക്ഷൻ ,ഗുണഭോക്തൃവിഹിതം ഈടാക്കുന്നില്ല

| | | |
|---|---|---|
| പദ്ധതിയുടെ പേര് | ജലജീവൻ മിഷൻ കുടിവെള്ള കണക്ഷൻ | ജലജീവൻ മിഷൻ കുടിവെള്ള കണക്ഷൻ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 11/22 | 125/22 |
| അടങ്കൽ | 202545/-(വികസനഫണ്ട്-121545/-<br>ഗുണഭോക്തൃവിഹിതം-81000) | 648240/-(ധനകാര്യ കമ്മീഷൻ അവാർഡ്)<br>ഗുണഭോക്തൃവിഹിതം-432000) |
| ചെലവ് | 121545/-(വികസനഫണ്ട്) | 648240ധനകാര്യ കമ്മീഷൻ അവാർഡ് |
| ബിൽ നമ്പർ | 177/7.12.21 | 182/10.12.21 |

ജലജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ 4036 ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി റിപ്പോർട്ട് പ്രകാരം 2021-22 വർഷം ഗ്രാമപഞ്ചായത്ത് വിഹിതമായി 121545/- രൂപയും 2021-22 വർഷം സ്പിൽ ഓവർ പദ്ധതിയായി ഗ്രാമപഞ്ചായത്ത് വിഹിതമായി 648240/- രൂപയും അടവാക്കിയിട്ടുണ്ട്.എന്നാൽ ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ല.

(ഒരു കണക്ഷന്റെ 10% ഗുണഭോക്തൃവിഹിതം, 15% ഗ്രാമപഞ്ചായത്ത് വിഹിതം ,

30% സംസ്ഥാനവിഹിതം ,45% കേന്ദ്രവിഹിതം)

19.05.2022വരെയുള്ള കണക്ക് പ്രകാരം 2010 വാട്ടർ കണക്ഷനുകൾ നൽകിയതായി അറിയിച്ചിട്ടുണ്ട്.ഒരു കണക്ഷന്റെ 10% ഗുണഭോക്തൃവിഹിതം അടയ്ക്കുന്നതിന് ഗുണഭോക്താക്കൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളതിനാൽ ഗുണഭോക്തൃവിഹിതം ഒഴിവാക്കുന്നതിന് സർക്കാരിന് കത്തു നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നം.20തീയതി 08.02.2023.)കേരള സർക്കാരിന്റെ 21.08.2020ലെ ഉത്തരവ് നമ്പർ 541/2020/WRD ഭരണാനുമതി പ്രകാരമാണ് ജലജീവൻ പദ്ധതി നടപ്പിലാക്കുന്നത്. ആയതിനാൽ സർക്കാർ നിർദ്ദേശമില്ലാതെ ഗുണഭോക്തൃവിഹിതം ഈടാക്കാതിരുന്നത് അംഗീകരിക്കുന്നില്ല. ഗുണഭോക്തൃവിഹിതം ഈടാക്കുന്ന വിഷയത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തും വാട്ടർഅതോറിറ്റിയും സംയുക്ത പരിശോധന നടത്തി പഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതുമാണ്.

## 1-37 പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടറും സ്ക്രീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-കെൽട്രോണിന് നൽകിയ അധികതുക തിരികെ ഈടാക്കണം

| | |
|---|---|
| പദ്ധതിയുടെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടറും സ്ക്രീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 130/22 |
| അടങ്കൽ | 87264/-<br>വികസനഫണ്ട് |
| ചെലവ് | 87264/- |

| | |
|---|---|
| ബിൽ നമ്പർ | 47293/-223/11.1.22<br>14065/-224/11.1.22<br>25906/-222/11.1.22 |

പഞ്ചായത്ത് ഓഫീലേക്കാവശ്യമായ പ്രൊജക്റ്റർ, സ്ക്രീൻ, ലേസർ പ്രിന്റർ മുതലായവ വാങ്ങുന്നതിനായി കെൽട്രോണിൽ നിന്നും Proforma Invoice (6.1.21) ലഭിക്കുകയുണ്ടായി.

പ്രൊജക്റ്റർ വാങ്ങുന്നതിനായി കെൽട്രോൺ ലഭ്യമാക്കിയ Proforma Invoiceന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

BenQMX560P Projector-36288/-

Projector Screen-3841/-

HPW Webcam-1178/-

Dlink Wifi Extender-3420/-

Boat Stone Bluetooth Speaker-1673/-

Zebronics USB MCC-893/-

Total-47293/-

Proforma Invoice പ്രകാരമുള്ള 47293/-രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോൺ ലഭ്യമാക്കിയ ഡെലിവറി ചെലാൻ പ്രകാരം (07664/ITP/22-23 Dt 3.1.23) 36288/- രൂപയുടെ BenQMX560P Projectorനു പകരം 31249/-രൂപയുടെ Acer X1226AH Multimedia Projector ആണ് ലഭ്യമായിരിക്കുന്നത്. Zebronics USB MCCലഭ്യമായിട്ടുമില്ല.

BenQMX560P Projector സ്റ്റോക്കില്ലാത്തതിനാലാണ് Acer Projector ലഭ്യമാക്കിയതെന്നും അധികം നൽകിയ തുകയായ 5040/- രൂപ കെൽട്രോണിൽ നിന്നും തിരികെ ഈടാക്കുന്നതിനായി കത്ത് (എസ്.സി.1/5126/22 തീ 17.12.22) നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം - 29 തീയതി 09.02.2023.)

കെൽട്രോണിൽ ബാക്കി നിൽക്കുന്ന 5040/- രൂപ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയും Zebronics USB MCC അടിയന്തിരമായി ലഭ്യമാക്കിയും വിവരം അറിയിക്കേണ്ടതാണ്.

## 1-38 മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിപണം ആരംഭിച്ചിട്ടില്ല- രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 510000/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | S0043/22 |
| പ്രോജക്റ്റിന്റെ പേര് | ഇടവിള കൃഷി |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 510000(410000വി.ഫ.+100000ത.ഫ) |
| ചെലവ് | 510000/- |
| ബിൽ നം | 133/ 26-10-2021(360000)402/ 22-03-2022 (50000)364/ 10-03-2022(100000) |

ഇടവിളകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി നടീൽ വസ്തുക്കൾ വിതരണം ചെയ്യുക, മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിപണനം നടപ്പാക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യങ്ങൾ. പദ്ധതി പ്രകാരം മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിതരണ പരിശീലനത്തിനായി 50000/- രൂപയും റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 100000/- രൂപയും നടീൽ വസ്തുക്കൾ വാങ്ങുന്നതിനായി 360000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിപണനം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 100000/- രൂപ സമൃദ്ധി FIG 2 എന്ന കർഷക ഗ്രൂപ്പിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ റിവോൾവിംഗ് ഫണ്ടിന്റെ ചെലവ് വ്യവസ്ഥകളോ, തിരിച്ചടവ് വ്യവസ്ഥകളോ , സംബന്ധിച്ച് ഗ്രാമപഞ്ചായത്തും പ്രസ്തുത ഗ്രൂപ്പും തമ്മിൽ കരാർ ചമച്ചിട്ടില്ല. ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വെള്ളപേപ്പറിൽ രേഖപ്പെടുത്തി ലഭ്യമാക്കിയ കരാറിൽ തീയതി, നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പ് തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.

2)മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിതരണത്തിനാണ് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 100000/- രൂപ സമൃദ്ധി FIG 2 എന്ന ഗ്രൂപ്പിന്റെ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലാണ്(നം.40351101081163) നിക്ഷേപിച്ചത്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നാളിതുവരെ പ്രസ്തുത അക്കൗണ്ടിൽ നിന്നും ചെലവുകൾ നടത്തിയിട്ടില്ല. കൂടാതെ റിവോൾവിംഗ് ഫണ്ട് നാളിതുവരെ തിരികെ ഈടാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ല.

3)മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിപണനം നടത്തിയതിന്റെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്, വാങ്ങിയ ഉപകരണങ്ങളുടെ വിവരം , നാളിതുവരെ നടപ്പാക്കിയ മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിപണ വരവ് ചെലവ് രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4)പ്രോജക്ട് പ്രകാരം വിവിധ ഗുണഭോക്താൾക്ക് 360000/- രൂപയ്ക്ക് നടീൽ വസ്തുക്കൾ വാങ്ങിയിട്ടുണ്ട്. അംഗീകൃത പ്രോജക്ട് പ്രകാരം കുറഞ്ഞത് 10 സെന്റ് കൃഷിയിടമെങ്കിലും ഉള്ള വ്യക്തികൾക്കാണ് പദ്ധതി ആനുകൂല്യം നൽകുന്നത്. കൃഷി ഭൂമിയുടെ വിസ്തീർണത്തിന് ആനുപാതികമായി രണ്ടോ അതിലധികമോ യൂണിറ്റുകൾ അനുവദിക്കുന്നതാണ്. തൻവർഷം 368 ഗുണഭോക്താക്കൾക്കായി 480 യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം അനുബന്ധരേഖകളായ റേഷൻ കാർഡിന്റെ പകർപ്പ്/തിരിച്ചറിയൽ രേഖ, ഭൂമി സംബന്ധമായ രേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ഭൂരിഭാഗം അപേക്ഷകളിലെയും രേഖപ്പെടുത്തലുകൾ അപൂർണമാണ്. കൂടാതെ അപേക്ഷകരുടെ ഒപ്പ്, പരിശോധന റിപ്പോർട്ട് എന്നിവ അപേക്ഷകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (38/10.02.2023)മറുപടിയിൽ റിവോൾവിംഗ് ഫണ്ട് കരാർ വ്യവസ്ഥയിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുമെന്നും, മൂല്യവർദ്ധിത ഉല്പന്നങ്ങൾ സംഭരിക്കുന്നതിലെ കാലതാമസം മൂലമാണ് സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം വൈകുന്നത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ 368 ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാലും റിവോൾവിംഗ് ഫണ്ട് ഇനത്തിൽ കൈപ്പറ്റിയ തുക നാളിതുവരെ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതിനാലും ചെലവ് തുകയായ 510000 /- രൂപ തടസപ്പെടുത്തുന്നു. രേഖകളും സംസ്കരണ യൂണിറ്റിന്റെ പ്രവർത്തന വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-39 വാഴക്കൃഷി വ്യാപനം - ചെലവ് രേഖകൾ ഹാജരാക്കിയില്ല. 425000/- രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0035/22 |
| പ്രോജക്ടിന്റെ പേര് | വാഴക്കൃഷി വ്യാപനം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 425000 |
| ചെലവ് | 425000 |
| ബിൽ നം. | 199/ 24-12-2021 |

കുറഞ്ഞത് 10 സെന്റ് കൃഷിയിടമെങ്കിലും സ്വന്തമായുള്ള ചെറുകിട നാമമാത്ര കർഷകർക്ക് 50 വാഴക്കന്ന് വീതം വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. കൃഷി ഭൂമിയുടെ വിസ്തീർണത്തിന് ആനുപാതികമായി കർഷകർക്ക് രണ്ടോ അതിലധികമോ യൂണിറ്റുകൾ അധികം അനുവദിക്കുന്നതുമാണ്. 15 രൂപ വിലയുള്ള 28334 വാഴക്കന്നുകൾ ഇലകമൺ കൃഷിഭവൻ എക്കോഷോപ്പിൽ നിന്നും വാങ്ങിയിട്ടുണ്ട്. രജിസ്റ്റർ പ്രകാരം 245 ഗുണഭോക്താക്കൾക്കായി 28334 യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പദ്ധതി പ്രകാരമുള്ള വാഴക്കന്നുകൾ വാങ്ങിയ ഇനത്തിൽ ഇലകമൺ ഇക്കോ ഷോപ്പിന് 425000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. സ.ഉ സാധാ(നം.)22/2018/തസ്വഭവ തീ.14.02.2018 പ്രകാരം കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ്സ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK(vegetable And Fruits Promotion Council Keralam) എന്നിവയിൽ നിന്നും മാത്രമാണ് പ്രസ്തുത ഇനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖ പ്രകാരം വിതരണ ചുമതല മാത്രമാണ് ഇക്കോ ഷോപ്പിന് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന് വിരുദ്ധമായി ഇക്കോ ഷോപ്പിൽ ഉല്പാദിപ്പിക്കാത്ത ഇനങ്ങൾക്കായി ഇക്കോ ഷോപ്പ് മുഖേന വാങ്ങൽ നടത്തിയിട്ടുണ്ട്. പ്രസ്തുത വാങ്ങലിന്റെ പർച്ചേസ് കമ്മിറ്റി മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം അനുബന്ധരേഖകളായ റേഷൻ കാർഡിന്റെ പകർപ്പ്/തിരിച്ചറിയൽ രേഖകൾ, ഭൂമി സംബന്ധമായ രേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ഭൂരിഭാഗം അപേക്ഷകളിലെയും രേഖപ്പെടുത്തൽ അപൂർണമാണ്. കൂടാതെ കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ട്, കൃഷി ഓഫീസറുടെ അംഗീകാരം/സാക്ഷ്യപത്രം എന്നിവ അപേക്ഷകളിൽ ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്താക്കൾക്ക് വിവിധ യൂണിറ്റിലാണ് കിഴങ്ങുകൾ വിതരണം ചെയ്തിട്ടുള്ളത്. ഭൂമി സംബന്ധമായ രേഖകളുടെ അഭാവത്തിൽ വിവിധ യൂണിറ്റുകൾ വിതരണം ചെയ്തതിന്റെ മാനദണ്ഡം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (42/10.02.2023,57/14.02.2023)മറുപടിയിൽ ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരമാണ് എക്കോ ഷോപ്പിൽ നിന്നും വാങ്ങൽ നടത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്.

കൂടാതെ അപേക്ഷകളിലെ അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിന് ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കളാണ് അപേക്ഷ സമർപ്പിച്ച് ആനുകൂല്യം കൈപ്പറ്റിയത് എന്ന് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 425000/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-40 സുഭിക്ഷ കേരളം - തരിശ് ഭൂമിയിൽ കൃഷി - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു- 76500/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | SO066/22 |
| പ്രോജക്ടിന്റെ പേര് | സുഭിക്ഷ കേരളം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 1766000(520000വി.ഫ+320000 ബ്ലോ.പ+926000 ഗ്ര.വി) |
| ചെലവ് | 603790(520000+83790+0) |
| ബിൽ നം | 363/ 09-03-2022(270000), 366/ 10-03-2022(105000), 370/ 10-03-2022(145000),365/10/03/2022(83790) |

സുഭിക്ഷ കേരളം പദ്ധതി പ്രകാരം തരിശു ഭൂമിയിൽ നെൽകൃഷി, പച്ചക്കറി കൃഷി, ഇടവിള കൃഷി,വാഴകൃഷി തുടങ്ങിയവ നടപ്പാക്കുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം നെൽകൃഷി, പച്ചക്കറി കൃഷി, വാഴകൃഷി എന്നിവയ്ക്ക് ഹെക്ടറിന് 40000/- രൂപയും ഇടവിള കൃഷിക്ക് ഹെക്ടറിന് 30000/- രൂപയും സബ്സിഡി അനുവദിക്കുന്നു. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സുഭിക്ഷ കേരളം പദ്ധതി മാർഗരേഖ പ്രകാരം(സ.ഉ(സാധാ)നം.1009/2020/തസ്വഭവ തീ.29.05.2020) തരിശുഭൂമിയിലെ പദ്ധതികൾക്ക് ആനുകൂല്യം നൽകുമ്പോൾ കൃഷി ഭൂമിയിൽ മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലായെന്ന് കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ് . എന്നാൽ അപേക്ഷകളോടൊപ്പമുള്ള അന്വേഷണ റിപ്പോർട്ടുകളിൽ പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ മുൻവർഷങ്ങളിൽ കൃഷി നടപ്പാക്കിയ ഭൂമികളിൽ തരിശ് കൃഷിക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

ഉദാഹരണം - 2020-21 വർഷത്തിൽ സർവ്വേ നം.404/2 പ്രകാരമുള്ള ഭൂമിയിൽ നെൽകൃഷിക്ക് (കുളത്തറ പാടശേഖരം, ഒന്നാം വിള) ആനുകൂല്യം കൈപ്പറ്റിയ ശ്രീ.സമദ്, ഊപ്പൻ വിള, അയിരൂർ എന്ന വ്യക്തി ഇതേ സർവ്വേ നമ്പരിൽ 2021-22 വർഷത്തിൽ തരിശ് നെൽകൃഷിക്ക് കൂലിച്ചെലവ് ഇനത്തിൽ 4200/- രൂപ (ബിൽ നം. 370/10-03-2022) ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്.

2)സുഭിക്ഷ കേരളം പദ്ധതി മാർഗരേഖ പ്രകാരം ഒരു പ്ലോട്ടിനുള്ളിൽ വ്യത്യസ്ഥ വിളകൾ വെവ്വേറെയായി കൃഷി ചെയ്യുന്ന സന്ദർഭത്തിൽ ഓരോ വിളയും കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായി അതത് വിളകൾക്ക് ആനുപാതികമായ നിരക്കിൽ തുക നല്കാവുന്നതാണ്. ബഹുവിള കൃഷി ചെയ്യുന്ന സന്ദർഭത്തിൽ മുഖ്യവിളയ്ക്ക് ബാധകമായ സഹായം അനുവദിക്കാവുന്നതും ഇടവിളകൾക്ക് വിത്തും തൈകളും മാത്രം വിതരണം ചെയ്യാവുന്നതുമാണ്. പ്രസ്തുത പ്രവൃത്തിക്ക് കൂലിച്ചെലവ് അനുവദനീയമല്ല. എന്നാൽ വിവിധ ഗുണഭോക്താക്കൾ ഒരേ പ്ലോട്ടിൽ ഇടവിള കൃഷി, പച്ചക്കറി കൃഷി എന്നിവ നടപ്പാക്കിയതിൽ ആനുപാതികമായി തുക നൽകാതെ രണ്ടിനത്തിലും കൂലിച്ചെലവ് അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത്തരത്തിൽ തുക അനുവദിച്ചതിനാൽ ആകെയുള്ള കൃഷി ഭൂമിയേക്കൾ കൂടുതൽ വിസ്തീർണത്തിന് കൂലിച്ചെലവ് അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു..(ബിൽ നം.363/ 09-03-2022 [270000),ബിൽ നം.366/ 10-03-2022(105000)] കൂടാതെ പ്രസ്തുത തുക ഏതു നിരക്കിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചത് എന്ന് വ്യക്തമല്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വസ്തു വിവരം സർവ്വേ നം. | അപേക്ഷ പ്രകാരമുള്ള ആകെ ഭൂമി വിസ്തീർണം (സെന്റ്) | ഇടവിള കൃഷി വിസ്തീർണം (സെന്റ്) | പച്ചക്കറി കൃഷി വിസ്തീർണം (സെന്റ്) | ആകെ കൂലിച്ചെലവ് അനുവദിച്ച വിസ്തീർണം (സെന്റ്) | അനുവദിച്ച തുക | |
|---|---|---|---|---|---|---|---|---|
| | | | | | | | ഇടവിള കൃഷി | പച്ചക്കറി കൃഷി |
| 1 | തുളസീദാസ് തൈക്കാട്ടുവിള വീട് | 159/14, 166/24,166/31 | 40 | 40 | 25 | 65 | 3500 | 4800 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | ഷൈല ഡി, അവിട്ടം, കെടാകുളം | 167/3,167/6, 167/5-A | 23 | 50 | 15 | 65 | 6000 | 2100 |
| 3 | ദീപ, ദീപാലയം വേങ്കോട് | 550/2,2-1,5,551/ 28,550/3-1,549/4, 550/3 | 208 | 160 | 100 | 260 | 19200 | 14000 |
| 4 | അഷിയത്ത് ബീവി, വിളയിൽ വീട് | 444/7,8,9 | 65 | 40 | 25 | 75 | 4800 | 3500 |
| ആകെ | | | | | | | 33500/- | 24400/- |

അപേക്ഷയും അനുബന്ധ രേഖകളും പ്രകാരം ക്രമ നം.2 പ്രകാരമുള്ള ഗുണഭോക്താവിന് ആകെ 23 സെന്റ് സ്ഥലം മാത്രമാണുള്ളത്.

3)ഇടവിള കൃഷി അപേക്ഷ പരിശോധിച്ചതിൽ ഗുണഭോക്താവായ ശ്രീമതി സരസ്വതി എസ്, അശ്വതി അയിരൂർ എന്ന വ്യക്തിക്ക് (അക്കൗണ്ട് നം.40351101071096)നൽകേണ്ട തുക തെറ്റായി ശ്രീമതി സരസ്വതി ഷേർലി നിവാസ് എന്ന വ്യക്തിയുടെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ

| Bill No. | Name | Account | Local Body | Project Name | Bill Id | Treasury No. | Amount |
|---|---|---|---|---|---|---|---|
| 363/ 09-03-2022 (270000), | Saraswathy , Sherly Nivas, Moolabhagam, Ayiroor P.O, Ayiroor | Indian Overseas Bank AYIROOR 033901000022544 | Elakamon Grama Panchayat | Subhiksha Keralam Paddy | 21010752058001282526 | 210107000000019272 | 6000.00 |

4)ഗുണഭോക്താക്കളുടെ അപേക്ഷ ക്രമ നമ്പർ.5,ശ്രീമതി ഷൈല ഡി, അവിട്ടം, കെടാകുളം എന്ന വ്യക്തിക്ക് അംഗീകരിച്ച സബ്സിഡി തുക 6000/- രൂപയും അപേക്ഷ ക്രമ നമ്പർ.6,ശ്രീമതി ഷൈല ആർ, രജനി ഭവൻ , അയിരൂർ എന്ന വ്യക്തിക്ക് അംഗീകരിച്ച സബ്സിഡി തുക 2400/- രൂപയും ആയിരുന്നു. എന്നാൽ പ്രസ്തുത വ്യക്തികളുടെ തുകകൾ പരസ്പരം മാറ്റി ബിൽ പ്രകാരം തുക അനുവദിച്ചു.

| Sl.No | Bill No | Name | Account | Project Name | Bill Id | Treasury No | Amount |
|---|---|---|---|---|---|---|---|
| 1 | 363/ 09-03-2022(270000) | Shyla , Avittam | State Bank Of India PARAVOOR (IFSC:SBIN0016828) - 20194229857 | Subhiksha Keralam Paddy | 21010752058001282526 | 210107000000019272 | 2400.00 |
| 2 | | R.Shyla , Rejani Bhavan | Catholic Syrian Bank ELAKAMON (IFSC:CSBK0000158) - 015803710099190001 | Subhiksha Keralam Paddy | 21010752058001282526 | 210107000000019272 | 6000.00 |
| ആകെ | | | | | | | 8400 |

5)പദ്ധതി പ്രകാരമുള്ള കാർഷിക ഇനങ്ങൾ ഇലകമൺ കൃഷി ഓഫീസ് എക്കോ ഷോപ്പിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. സ.ഉ സാധാ(നം.)22/2018/തസ്വഭവ തീ.14.02.2018 പ്രകാരം കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ്സ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK(vegetable And Fruits Promotion Council Keralam) എന്നിവയിൽ നിന്നും മാത്രമാണ് പ്രസ്തുത ഇനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളത്.പ്രസ്തുത ഉത്തരവിന് വിരുദ്ധമായി ഇക്കോ ഷോപ്പിൽ ഉല്പാദിപ്പിക്കാത്ത ഇനങ്ങൾക്കായി ഇക്കോ ഷോപ്പിന്റെ അക്കൗണ്ടിലേയ്ക്ക് പണം നൽകിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (62/13.02.2023)മറുപടിയിൽ വിവിധ അപാകങ്ങൾ പരിശോധിച്ച് മറുപടി ലഭ്യമാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള അപാകങ്ങളിലെ ആകെ തുകയായ 76500/- രൂപ(4200+33500+24400+6000+8400) തടസപ്പെടുത്തുന്നു. ഒരേ പ്ലോട്ടിൽ വെവ്വേറെയായി പച്ചക്കറി, ഇടവിള കൃഷി നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആനുപാതികമായി കൃഷി ചെയ്ത ഭൂമിയുടെ അളവ് കണക്കാക്കിയ ശേഷം സർക്കാർ ഉത്തരവിലെ നിരക്കിൽ കണക്കാക്കി അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതും , പച്ചക്കറി കൃഷിയോടൊപ്പം തന്നെ ഇടവിള കൃഷി നടപ്പാക്കിയിട്ടുണ്ടെങ്കിൽ ഇടവിള കൃഷിക്ക് അധികം നൽകിയ കൂലിച്ചെലവ് തുക പൂർണമായും ക്രമ നമ്പർ.2 അപാകങ്ങളിൽ പരാമർശിച്ച ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്. മറ്റ് അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-41 ജൈവസമൃദ്ധി പച്ചക്കറി കൃഷി - രേഖകൾ ഹാജരാക്കിയില്ല -470000/- രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0082/22 |
| പ്രോജക്ടിന്റെ പേര് | ജൈവസമൃദ്ധി - പച്ചക്കറി കൃഷി |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 1079275(470000വി.ഫ+100000 ബ്ലോ.പ+509275 ഗ്ര.വി) |
| ചെലവ് | 470000 (വി.ഫ) |
| ബിൽ നം | 435/ 30-03-2022(313300/-),205/ 27-12-2021(156700/-) |

കാർഷകർക്ക് സൗജന്യമായി പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിനും കൂലി ചെലവിന്റെ 50 % സബ്സിഡി നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)കർഷകർക്ക് കൂലിച്ചെലവിന്റെ 50 % സബ്സിഡി നൽകുന്നത് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നു. 741 ഗുണഭോക്താക്കൾക്ക് കൂലിച്ചെലവ് ഇനത്തിൽ 313300/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ കൂലിച്ചെലവ് കണക്കാക്കിയതിന്റെ വിവരം രജിസ്റ്ററിലോ അപേക്ഷയിലോ ഉൾപ്പെടുത്തിയിട്ടില്ല. കർഷകർ കൃഷി ചെയ്ത ഭൂമിയുടെ അളവ്, ഗുണഭോക്താക്കൾക്ക് അനുവദിച്ച പച്ചക്കറി വിത്തിന്റെ യൂണിറ്റ് എന്നിവയുടെ വിവരം അപേക്ഷയിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

2)പദ്ധതി പ്രകാരമുള്ള കാർഷിക ഇനങ്ങൾ ഇലകമൺ കൃഷി ഓഫീസ് എക്കോ ഷോപ്പിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. സ.ഉ സാധാ(നം.)22/2018/തസ്വഭവ തീ.14.02.2018 പ്രകാരം കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ്സ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK(vegetable And Fruits Promotion Council Keralam) എന്നിവയിൽ നിന്നും മാത്രമാണ് പ്രസ്തുത ഇനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിന് വിരുദ്ധമായി ഇക്കോ ഷോപ്പിൽ ഉല്പാദിപ്പിക്കാത്ത ഇനങ്ങൾക്കായി ഇക്കോ ഷോപ്പ് മുഖേന വാങ്ങൽ നടത്തിയിട്ടുണ്ട്.

3)പദ്ധതി പ്രകാരം 1567 യൂണിറ്റ് പച്ചക്കറി വിത്തുകൾ ഇലകമൺ കൃഷി ഭവൻ എക്കോഷോപ്പിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്ററിൽ 806 ഗുണഭോക്താക്കൾക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിത്തുകൾ പൂർണമായും വിതരണം ചെയ്തതായി തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ 741 ഗുണഭോക്താക്കൾക്ക് മാത്രമാണ് കൂലിച്ചെലവ് അനുവദിച്ചിട്ടുള്ളത്. കൂലിച്ചെലവ് ഇനത്തിൽ 600/- രൂപ എക്കോഷോപ്പ് അക്കൗണ്ടിലും നിക്ഷേപിച്ചിട്ടുണ്ട്.

4)ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം അനുബന്ധരേഖകളായ റേഷൻ കാർഡിന്റെ പകർപ്പ്/തിരിച്ചറിയൽ രേഖ ഭൂമി സംബന്ധമായ കരംതീർത്ത രസീത്, ബാങ്ക് അക്കൗണ്ട് രേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ഭൂരിഭാഗം അപേക്ഷകളിലെയും രേഖപ്പെടുത്തൽ അപൂർണമാണ്. കൂടാതെ കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ട്, കൃഷി ഓഫീസറുടെ അംഗീകാരം/സാക്ഷ്യപത്രം എന്നിവ അപേക്ഷയിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (55/13.02.2023)മറുപടിയിൽ ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരമാണ് കൂലിച്ചെലവ് ഇനത്തിൽ തുക എക്കോഷോപ്പ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ അപേക്ഷകളിലെ അപാകങ്ങൾ പരിഹരിച്ച് ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കളാണ് അപേക്ഷ സമർപ്പിച്ച് ആനുകൂല്യം കൈപ്പറ്റിയത് എന്ന് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 470000/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-42 കുറ്റിമുല്ല വിതരണം - രേഖകൾ ലഭ്യമാക്കിയില്ല 289325/- രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0079/22 |
| പ്രോജക്ടിന്റെ പേര് | മുറ്റത്തെ മുല്ല |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 289325(217000വി.ഫ+72325 ഗ്ര.വി) |
| ചെലവ് | 217000(വി.ഫ)+72325(സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല) |
| ബിൽ നം | 403/ 22-03-2022(217000/-)+435/30.03.2022(72325) |

ഗ്രാമപഞ്ചായത്തിലെ തൊഴിൽ രഹിതരായ വനിതകളെ കാർഷിക മേഖലയിലേയ്ക്ക് എത്തിച്ച് സ്വയം പര്യാപ്ത

കൈവരിക്കുന്നതിനായി കുറ്റിമുല്ല വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ തുക പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ രസീതുകളിൽ ഗുണഭോക്താക്കളുടെ പേര് രേഖപ്പെടുത്താതെ രസീത് നൽകിയ ശേഷം കൗണ്ടർ ഫോയിലിൽ പേര് രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി രസീത് ബുക്ക് നമ്പർ 19699 രസീത് നമ്പർ 65 മുതൽ 100 വരെയുള്ള രസീതുകളിലും രസീത് ബുക്ക് നമ്പർ 19706 രസീത് നമ്പർ 1 മുതൽ 45 വരെയുള്ള രസീതുകളിലും ഗുണഭോക്താവിന്റെ പേര് വിവരങ്ങൾ രേഖപ്പെടുത്താതെ രസീത് നൽകിയ ശേഷം കൗണ്ടർ ഫോയിൽ രസീതിൽ കാർബൺ ഉപയോഗിക്കാതെ രേഖപ്പെടുത്തിയിട്ടുണ്ട്(രസീതിന്റെ പുറകിൽ ഗുണഭോക്താവിന്റെ പേര് വിവരങ്ങൾഡബിൾ കാർബൺ സൈഡ് കാർബൺ ഉപയോഗിച്ചിട്ടുള്ള രേഖപ്പെടുത്തൽ ഇല്ല). രസീതുകളിൽ തീയതി രേഖപ്പെടുത്താത്തതിനാൽ പിരിച്ചെടുത്ത തുക സമയബന്ധിതമായി ഒടുക്ക് വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)പദ്ധതിക്കായി സമർപ്പിച്ച വിവിധ അപേക്ഷകൾ യഥാർത്ഥ ഗുണഭോക്താവ് സമർപ്പിച്ചതാണെന്നും ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത് ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളാണെന്ന് സാധൂകരിക്കുന്ന യാതൊരു വിവരങ്ങളും അപേക്ഷയിൽ ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം അനുബന്ധരേഖകളായ റേഷൻ കാർഡിന്റെ പകർപ്പ്/തിരിച്ചറിയൽ രേഖ, ഭൂമി സംബന്ധമായ രേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ഭൂരിഭാഗം അപേക്ഷകളിലെയും രേഖപ്പെടുത്തൽ അപൂർണമാണ്.

3)ഗുണഭോക്താക്കൾക്ക് വിവിധ യൂണിറ്റ് അനുവദിച്ചു നൽകിയതിന്റെ മാനദണ്ഡം അപേക്ഷയിലോ രജിസ്റ്ററിലോ വ്യക്തമാക്കിയിട്ടില്ല. കൂടാതെ കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ട്, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം/അംഗീകാരം എന്നിവ അപേക്ഷയിൽ ഉൾപ്പെട്ടിട്ടില്ല.

4) ഗുണഭോക്തൃ വിഹിതത്തിൽ നിന്നും മേൽ പദ്ധതി പ്രകാരം 72325/- രൂപ ചെലവഴിച്ചതിന്റെ സാംഖ്യ ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് ഉൾപ്പെട്ടിട്ടില്ല .ഇലകമൺ കൃഷി ഭവൻ എക്കോഷോപ്പിന്റെ 16.03.2022 ലെ 1125 നമ്പർ ഇൻവോയ്സ് പ്രകാരം 217000/- രൂപയ്ക്കാണ് 11573 കുറ്റിമുല്ലകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ പദ്ധതി പ്രകാരം ആകെ 289325/- രൂപ അനുവദിച്ചിട്ടുണ്ട്. 72325/- രൂപയുടെ ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (42/10.02.2023,57/14.02.2023)മറുപടിയിൽ അപേക്ഷകളിലെ അപാകങ്ങൾ പരിഹരിക്കുമെന്നും സുലേഖ സോഫ്റ്റ്വെയറിൽ ചെലവ് രേഖപ്പെടുത്താത്തതിനാലാണ് ആകെ ചെലവിൽ കുറവ് കാണപ്പെട്ടത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കളാണ് അപേക്ഷ സമർപ്പിച്ച് ആനുകൂല്യം കൈപ്പറ്റിയത് എന്ന് സാധൂകരിക്കുന്ന രേഖകളും ചെലവ് ഇൻവോയ്സും ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 289325/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-43 കാർഷിക മേഖലയിലെ വിവിധ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയില്ല- 456000/- രൂപ തടസപ്പെടുത്തുന്നു.

1) ഫലവൃക്ഷത്തൈകൾ വിതരണം

| | |
|---|---|
| പ്രോജക്ട് നം. | SO081/22 |
| പ്രോജക്ടിന്റെ പേര് | ഫലശ്രീ |
| നിർവ്വഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 81205(40955വി.ഫ+20000 ബ്ലോ.പ+20250 ഗു.വി) |
| ചെലവ് | 60750(വി.ഫ)+20250(സുലേഖയിൽ ചെലവ് ഉൾപ്പെട്ടിട്ടില്ല) |
| ബിൽ നം. | 249/ 27/01/2022(40750),259/ 30/01/2022(20000),434/30.03.2022(20250) |

അത്യുല്പാദന ശേഷിയുള്ള ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം അനുബന്ധരേഖകളായ റേഷൻ കാർഡിന്റെ പകർപ്പ്/തിരിച്ചറിയൽ രേഖ, ഭൂമി സംബന്ധമായ രേഖകൾ, എന്നിവ സൂക്ഷിച്ചിട്ടില്ല. ഭൂരിഭാഗം അപേക്ഷകളിലെയും രേഖപ്പെടുത്തൽ അപൂർണമാണ്. പദ്ധതി പ്രകാരം 162 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകൾ കൃഷി ഓഫീസർ പരിശോധിച്ച് അംഗീകാരം നൽകിയിട്ടില്ല.

2) പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ തുക പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ രസീതുകളിൽ തീയതി രേഖപ്പെടുത്താത്തതിനാൽ പിരിച്ചെടുത്ത തുക സമയബന്ധിതമായി ഒടുക്ക് വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ

സാധിച്ചിട്ടില്ല. വെബ് സാംഖ്യ ബിൽ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ നിന്നും മേൽ പദ്ധതി പ്രകാരം 20250/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് ഉൾപ്പെട്ടിട്ടില്ല.

3) ഇലകമൺ കൃഷി ഭവൻ എക്കോഷോപ്പിന്റെ 23.12.2021 ലെ 1372 നമ്പർ ഇൻവോയ്സ് പ്രകാരം 60750/- രൂപയ്ക്കാണ് 162 ഫലവൃക്ഷങ്ങൾ വാങ്ങിയിട്ടുള്ളത്. എന്നാൽ പദ്ധതി പ്രകാരം ആകെ 81000/- രൂപ ഇക്കോ ഷോപ്പിന് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ അനുവദിച്ച തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. സ.ഉ സാധാ(നം.)22/2018/തസ്വഭവ തീ.14.02.2018 പ്രകാരം കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ്സ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK(vegetable And Fruits Promotion Council Keralam) എന്നിവയിൽ നിന്നും മാത്രമാണ് പ്രസ്തുത ഇനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിന് വിരുദ്ധമായി ഇക്കോ ഷോപ്പിൽ വാങ്ങൽ നടത്തി

II)കുൺകൃഷി വ്യാപനം

| | |
|---|---|
| പ്രോജക്ട് നം | S0134/22 |
| പ്രോജക്ടിന്റെ പേര് | കുൺകൃഷി വ്യാപനം - വനിത |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 660000(375000വി.ഫ+285000 ഗു.വി) |
| ചെലവ് | 375000(വി.ഫ) |
| ബിൽ നം | 248/ 27-01-2022(90000), 352/ 05-03-2022(12500)353/ 05-03-2022(12500),334/02.03.2022(80000),335/02.03.2022(180000) |

ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ വിവിധ അപേക്ഷകളിൽ അനുബന്ധരേഖകളായ റേഷൻ കാർഡിന്റെ പകർപ്പ്/തിരിച്ചറിയൽ രേഖ ഭൂമി സംബന്ധമായ രേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ഭൂരിഭാഗം അപേക്ഷകളിലെയും രേഖപ്പെടുത്തൽ അപൂർണമാണ്. കൂടാതെ കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ട്, കൃഷി ഓഫീസറുടെ അംഗീകാരം എന്നിവ അപേക്ഷയിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതി പ്രകാരമുള്ള കാർഷിക ഇനങ്ങൾ ഇലകമൺ കൃഷി ഓഫീസ് എക്കോ ഷോപ്പ് മുഖനെയാണ് വാങ്ങിയിട്ടുള്ളത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഇക്കോ ഷോപ്പിൽ ഉല്പാദിപ്പിക്കാത്ത ഇനങ്ങൾക്കായി ഇക്കോ ഷോപ്പ് മുഖേന വാങ്ങൽ നടത്തി.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ കൂടാതെ അപേക്ഷകളിലെ അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കളാണ് അപേക്ഷ സമർപ്പിച്ച് ആനുകൂല്യം കൈപ്പറ്റിയത് എന്ന് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പ്രോജക്ടുകൾ പ്രകാരമുള്ള ചെലവ് തുകയായ 456000/-(81000+375000) രൂപ തടസപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-44 കേദാരം സമഗ്ര നെൽകൃഷി വികസനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് നം. | S0063/22 |
| പ്രോജക്ടിന്റെ പേര് | കേദാരം സമഗ്ര നെൽകൃഷി വികസനം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 2780800(1335800വി.ഫ+722500 ബ്ലോ.പ+722500 ജി.പ) |
| ചെലവ് | 2737000(1292000+722500+722500) |

ഗ്രാമപഞ്ചായത്തിൽ നെൽകൃഷി നടപ്പാക്കുന്നതിനും ഇടവിളയായി പയർകൃഷി നടപ്പാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ട്, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ അപേക്ഷയിൽ ഉൾപ്പെട്ടിട്ടില്ല. കേദാരം പയർവർഗ്ഗച്ചെടികൾ വളർത്തുന്നതിനായി 18 ഗുണഭോക്താക്കൾക്ക് 1250 കി.ഗ്രാം പയർവിത്തുകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശ്രീ.രാമചന്ദ്രക്കുറുപ്പ്, കൈതപ്പുഴവീട്, ശ്രീ കരുണാകരൻ പിള്ള , എ.കെ നിവാസ് എന്നീ വ്യക്തികൾ കൈപ്പറ്റിയ വിത്തുകളുടെ അളവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2)ധനകാര്യ വകുപ്പിന്റെ 04.01.2021 ലെ 01/2021/ധനം നമ്പർ സർക്കുലർ പ്രകാരം ആനുകൂല്യങ്ങൾ നേരിട്ട് ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നൽകേണ്ടതാണ്. എന്നാൽ നെൽകൃഷിയുടെ കൂലിച്ചെലവ് ഇനത്തിൽ അനുവദിച്ച തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നൽകുന്നതിന് പകരം വിവിധ പാടശേഖര സമിതികളുടെ ബാങ്ക്

അക്കൗണ്ടിലാണ് നൽകിയിട്ടുള്ളത്.

3)പദ്ധതി പ്രകാരമുള്ള കാർഷിക ഇനങ്ങൾ ഇലകമൺ കൃഷി ഓഫീസ് എക്കോ ഷോപ്പിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. സ.ഉ സാധാ(നം.)22/2018/തസ്വഭവ തീ.14.02.2018 പ്രകാരം കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ്സ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK(vegetable And Fruits Promotion Council Keralam) എന്നിവയിൽ നിന്നും മാത്രമാണ് പ്രസ്തുത ഇനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖ പ്രകാരം വിതരണ ചുമതല മാത്രമാണ് ഇക്കോ ഷോപ്പിന് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന് വിരുദ്ധമായി ഇക്കോ ഷോപ്പിൽ ഉല്പാദിപ്പിക്കാത്ത ഇനങ്ങൾക്കായി ഇക്കോ ഷോപ്പ് മുഖേന വാങ്ങൽ നടത്തി

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (63/15.02.2023)മറുപടിയിൽ അപേക്ഷകളിലെ അപാകങ്ങൾ പരിഹരിക്കുമെന്നും ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരമാണ് എക്കോ ഷോപ്പിൽ നിന്നും വാങ്ങൽ നടത്തിയത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പർച്ചേസ് കമ്മിറ്റി മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-45 ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമിവാങ്ങൽ - പർച്ചേസ് കമ്മിറ്റി രൂപീകരിക്കാതെ ഒരേ വ്യക്തിയിൽ നിന്നും ഭൂമി വാങ്ങി

| | | |
|---|---|---|
| പ്രോജക്ട് നം | S0029/22 | S0026/22 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി ഭൂമിവാങ്ങൽ എസ്.സി.പി | ലൈഫ് ഭവന പദ്ധതി ഭൂമിവാങ്ങൽ പൊതുവിഭാഗം |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 3832726(2482726വി.ഫ+675000 ബ്ലോ.പ+675000) | 6781918(3407400വി.ഫ+800000 ബ്ലോ.പ+800000) |
| ചെലവ് | 2475000(വി.ഫ) | 3360000(വി.ഫ) |

ലൈഫ് ഭൂമിവാങ്ങൽ മാർഗരേഖ പ്രകാരം(ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10.03.2020 ലെ എൽ.എം.3/2019/ലൈഫ് നമ്പർ കത്ത്) ഒരാളുടെ 3 സെന്റ് ഭൂമി വീതം തദ്ദേശസ്ഥാപനത്തിലെ അഞ്ചിലധികം ഗുണഭോക്താക്കൾ വാങ്ങുകയാണെങ്കിൽ, ഭൂമി വാങ്ങുന്നതിന് മുമ്പ് തദ്ദേശ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന പർച്ചേസ് കമ്മിറ്റി സ്ഥല ഉടമയുമായി നെഗോഷ്യേറ്റ് ചെയ്ത് വിലനിശ്ചയിക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്ഥാപനത്തിൽ നിന്നും ഭൂമിയുടെ ഡവലപ്പ്മെന്റ് പെർമിറ്റ് വാങ്ങണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പദ്ധതികൾ പ്രകാരവും മുൻവർഷങ്ങളിലെ ലൈഫ് ഭൂമിവാങ്ങൽ പദ്ധതി പ്രകാരവും ഭൂമി കൈമാറിയ ശ്രീ ശാർങ്ഗധരൻ, ശ്യാമ നിവാസ് എന്ന വ്യക്തി നാളിതുവരെ 8 ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട പർച്ചേസ് കമ്മിറ്റി രൂപീകരിക്കുകയോ ഭൂമിയുടെ വില സംബന്ധിച്ച് നെഗോസേഷ്യൻ നടത്തുകയോ ചെയ്തിട്ടില്ല . കൂടാതെ തദ്ദേശ സ്ഥാപനത്തിൽ നിന്നും ഭൂമിയുടെ ഡവലപ്പ്മെന്റ് പെർമിറ്റ് വാങ്ങണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ശ്രീ ശാർങ്ഗധരൻ, ശ്യാമ നിവാസ് എന്ന വ്യക്തിക്ക് വിവിധ വർഷങ്ങളിൽ നിൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl.No | Year | Local Body | Project Name | Fund | Bill Id | Treasury No | Amount |
|---|---|---|---|---|---|---|---|
| 1 | 2021-22 | Elakamon Grama Panchayat | Life Landpurchase (Scp) | Development Fund - SCP | 21010752058500452901 | 210107000000009525 | 225000.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | | Elakamon Grama Panchayat | Life Landpurchase (Scp) | Development Fund - SCP | 21010752058500514516 | 210107000000010727 | 225000.00 |
| 3 | | Varkala Block Panchayat | Land To Landless Project For Sc In Lifelist | Development Fund - SCP | 21010763009400474726 | 210107000000010080 | 225000.00 |
| 4 | | Elakamon Grama Panchayat | Life Land Purchase (GL) | Development Fund - General | 21010752058501180681 | 210107000000018176 | 200000.00 |
| 5 | 2020 -21 | Elakamon Grama Panchayat | Life House Project(scp) | Development Fund - SCP | 20010752058500597332 | 200107000000007530 | 225000.00 |
| 6&7 | | Elakamon Grama Panchayat | Life House Project(scp) | Development Fund - SCP | 20010752058501121847 | 200107000000013363 | 450000.00 |
| 8 | 2019-20 | Elakamon Grama Panchayat | Life House Project(scp) | Development Fund - SCP | 19010752058501662904 | 190107000000019713 | 225000.00 |
| Total | | | | | | | 1775000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 32/09.02.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് ഇത്തരത്തിൽ ഒരേ വ്യക്തിയിൽ നിന്നും ഭൂമി വാങ്ങിയതെന്നും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-46 ലൈഫ് ഭവന പദ്ധതി- ഭൂമി വാങ്ങി നൽകിയ ശേഷം ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും ലൈഫ് ഭവന പദ്ധതിക്കായി 2020-21 വർഷത്തിൽ ഭൂമി വാങ്ങി നൽകിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഗ്രാമ പഞ്ചായത്തുമായി കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

| ക്രമ നം | പേര് | വിലാസം | വിഭാഗം |
|---|---|---|---|
| 1 | ശ്രീമതി | ചരുവിള വീട്, വേങ്കോട് | ജനറൽ |
| 2 | സുമതി | കല്ലുവിള വീട്, ഇലകമൺ | ജനറൽ |
| 3 | കുഞ്ഞിക്കുട്ടി | പാണിൽ ലക്ഷം വീട്, പുതുവൽ | പട്ടിക ജാതി |
| 4 | ഉഷ | വേങ്കോട് ലക്ഷം വീട്, ചാവർകോട് | പട്ടിക ജാതി |
| 5 | സത്യൻ | ചരുവിള പുത്തൻവീട്, കടവിൽകര | പട്ടിക ജാതി |
| 6 | ഷൈനി | ചാരുംകുഴി,വിളപ്പുറം | പട്ടിക ജാതി |

മേൽ വിഷയം സംബന്ധിച്ച് നൽകിയ 36/09.02.2023 ന് ലഭിച്ച മറുപടിയിൽ ഗുണഭോക്താക്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും രേഖകൾ ലഭ്യമാക്കുന്നതിലെ കാലതാമസം മൂലമാണ് ഗുണഭോക്താക്കളുമായി കരാർ ചമയ്ക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം സമയബന്ധിതമായി ആരംഭിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-47 വി.ഇ.ഒ ഓഫീസിലേയ്ക്ക് പ്രിന്റർ വാങ്ങൽ - കെൽട്രോണിൽ നിന്നും ഉപകരണം ലഭ്യമായിട്ടില്ല. 20018/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO147/22 |
| പ്രോജക്ടിന്റെ പേര് | വി.ഇ.ഒ ഓഫീസിലേയ്ക്ക് പ്രിന്റർ വാങ്ങൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 20018 (മെയിന്റനൻസ് നോൺ റോഡ്) |
| ചെലവ് | 20018/- |
| ബിൽ നം., തീയതി | 294/ 21-02-2022 |

വി.ഇ.ഒ ഓഫീസിലേയ്ക്ക് പ്രിന്റർ വാങ്ങുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം പ്രിന്ററുകൾ വാങ്ങുന്നതിനായി 21.03.2022 തീയതിയിലെ TVM/ITBG/PI/RC/35038/20-21 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 20018/- രൂപ കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം തുക അനുവദിച്ച് 45 ദിവസത്തിനകം ഉപകരണം ലഭ്യമാക്കും എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.17/08.02.2023 ന് ലഭിച്ച മറുപടിയിൽ പ്രിന്ററുകൾ ലഭ്യമാക്കുന്നതിന് കെൽട്രോണിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂർ തുക കൈപ്പറ്റി കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപകരണങ്ങൾ ലഭ്യമാക്കാത്തത് കെൽട്രോണിന്റെ ഭാഗത്തെ വീഴ്ചയാണ്. ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതും ഉപകരണങ്ങൾ സമയ ബന്ധിതമായി ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലഭ്യമാക്കാത്ത പ്രിന്ററുകളുടെ ചെലവ് തുകയായ 20018/- രൂപ തടസപ്പെടുത്തുന്നു. ഉപകരണം ലഭ്യമാകുന്ന വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-48 ലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ

I)

| | |
|---|---|
| പ്രോജക്ട് നം. | SO126/22 |
| പ്രോജക്ടിന്റെ പേര് | ലൈഫ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 6781918 (2001918 വി.ഫ+1700000 സം.ഫ+600000 ബ്ലോ.പ+600000 ജി.പ+1880000 ലോൺ) |
| ചെലവ് | 3360000(1940000+620000+400000+400000+0) |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 1 നടപ്പാക്കിയ ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ പ്രകാരം കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ്/ NOC ലഭ്യമാക്കിയ ശേഷമാണ് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കേണ്ടത് . എന്നാൽ മേൽ പദ്ധതി പ്രകാരം ഭവന നിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തില് നിന്നും പെർമ്മിറ്റ്/ NOC ലഭ്യമാക്കിയിട്ടില്ല.

2)സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ ക്രമ നമ്പർ 11 പ്രകാരം ഭവന നിർമ്മാണ ഘട്ടങ്ങളുടെ ഫോട്ടോ തദ്ദേശ സ്ഥാപനങ്ങൾ സ്വന്തം ചെലവിൽ എടുക്കുന്നതിന് ക്രമീകരണം നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലെ ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഉദാ-അമ്മിണി, ഇ.പി കോളനി , കിഴക്കേപ്പുറം, രാജി, നെടിയ വിളവീട് ,കിഴക്കേപ്പുറം(സ്റ്റേജ് സർട്ടിഫിക്കറ്റിൽ നിർമ്മാണ ഘട്ടം വ്യക്തമാക്കിയിട്ടില്ല)

3)സ.ഉ.(സാധാ) നം.3218/2018/തസ്വഭവ തീ.21.12.2018 പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം 40000(10%), 160000(40%), 100000(25%),100000(25%) എന്ന ക്രമത്തിലാണ് അനുവദിച്ചു നൽകേണ്ടത്. പദ്ധതിയുടെ കരാർ ചമയ്ക്കുന്ന സമയത്ത് മുൻകൂറായി ആദ്യഗഡു തുകയായ 40000/- രൂപ മാത്രമാണ് അനുവദിച്ചു നൽകേണ്ടത്. എന്നാൽ മേൽ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് മുൻകൂർ തുകയായി 80000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്.

4) സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ അനുബന്ധം 3 പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരമാണ് ഗുണഭോക്താവ് ഗ്രാമപഞ്ചാത്തുമായി കരാർ ചമയ്ക്കേണ്ടത്. എന്നാൽ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടാതെ എസ്റ്റിമേറ്റ് തുകയുടെ വിശദാംശം മാത്രം രേഖപ്പെടുത്തിയാണ് ഗുണഭോക്താക്കൾ കരാർ ചമച്ചിട്ടുള്ളത്.

5)സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരം ആദ്യഗഡു കൈപ്പറ്റി ആറ് മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കണം . എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താവ് ഭവന പദ്ധതിയുടെ ആദ്യ ഗഡു തുക കൈപ്പറ്റി ആറ് മാസം പൂർത്തീകരിച്ചെങ്കിലും നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

| പേര് | വിലാസം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|
| ജലജ | ബാബു മന്ദിരം, വേങ്ങോട് | 26.10.2021 | 80000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ 16/08.02.2023 ന് ലഭിച്ച മറുപടിയിൽ ഫയൽപരിപാലനത്തിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താവിന് രേഖാമൂലം അറിയിപ്പ് നൽകിയെങ്കിലും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് ലൈഫ് ഭവന പദ്ധതി നടപ്പാക്കേണ്ടതും പദ്ധതി ആദ്യ ഗഡു തുക കൈപ്പറ്റിയ ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിക്കുന്നതിന് തനടപടികൾ സ്വീകരിക്കാത്ത പക്ഷം കരാർ വ്യവസ്ഥ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

II)

| പ്രോജക്ട് നം | S0106/22 | S0107/22 | S0105/22 | S0017/22 |
|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് പാർപ്പിട പദ്ധതി ജനറൽ | ലൈഫ് പാർപ്പിട പദ്ധതി എസ്.സി.പി | ലൈഫ് പാർപ്പിട പദ്ധതി ജനറൽ | ലൈഫ് പാർപ്പിട പദ്ധതി ജനറൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 | വി.ഇ.ഒ സർക്കിൾ 2 | വി.ഇ.ഒ സർക്കിൾ 2 | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 3502120 | 3627876 | 8000000 | 8000000 |
| ചെലവ് | 160000 | 200000 | 3090000 | 2190000 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 നടപ്പാക്കിയ ലൈഫ് ഭവനപദ്ധതിയുമായി (ന്യൂ & സ്പിൽ ഓവർ) ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ പ്രകാരം കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിൽ നിന്നും പെർമ്മിറ്റ്/NOC ലഭ്യമാക്കിയ ശേഷമാണ് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കേണ്ടത് . എന്നാൽ മേൽ പദ്ധതി പ്രകാരം ഭവന നിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ നിന്നും പെർമ്മിറ്റ്/ NOC ലഭ്യമാക്കിയിട്ടില്ല.

2)സ.ഉ.(സാധാ) നം.3218/2018/തസ്വഭവ തീ.21.12.2018 പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം 40000(10%), 160000(40%), 100000(25%),100000(25%) എന്ന ക്രമത്തിലാണ് അനുവദിച്ച് നൽകേണ്ടത്. പദ്ധതിയുടെ കരാർ ചമയ്ക്കുന്ന സമയത്ത് മുൻകൂറായി ആദ്യഗഡു തുകയായ 40000/- രൂപ മാത്രമാണ് അനുവദിച്ച് നൽകേണ്ടത്. എന്നാൽ മേൽ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് മുൻകൂർ തുകയായി 80000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്.

3) സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ അനുബന്ധം 3 പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരമാണ് ഗുണഭോക്താവ് ഗ്രാമപഞ്ചാത്തുമായി കരാർ ചമയ്ക്കേണ്ടത്. എന്നാൽ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടാതെ എസ്റ്റിമേറ്റ് തുകയുടെ വിശദാംശം മാത്രം രേഖപ്പെടുത്തിയാണ് ഗുണഭോക്താക്കൾ കരാർ ചമച്ചിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 51/13.02.2023 ന് ലഭിച്ച മറുപടിയിൽ ഫയൽപരിപാലനത്തിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-49 ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി

| പ്രോജക്ട് നം. | S0009/22 |
|---|---|
| പ്രോജക്ടിന്റെ പേര് | ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം (ന്യൂ ലൈഫ്) |

| | |
|---|---|
| നിർവഹണം | വി.ഇ.ഒ സർക്കിൾ II |
| അടങ്കൽ | 2600000(1040000/- വി.ഫ+520000ബ്ലോ.പ +1040000 ജി.പ/-) |
| ചെലവ് | 1200000(960000+240000+0) |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്ര കോളനി നവീകരണം . മേൽ പ്രോജക്ട് പ്രകാരം 2021-22 വർഷത്തിൽ ഒന്നാം വാർഡിലെ ആലുവിളപ്പുറം ലക്ഷം വീട് കോളനിയിലെ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണത്തിന് രണ്ട് ലക്ഷം രൂപ വീതം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട്മായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ന്യൂ ലൈഫ് പ്രോജക്ട് മാർഗരേഖ പ്രകാരം വീട് മെയിന്റനൻസിനുള്ള തുകയായ 2 ലക്ഷം രൂപ 4 ഗഡുക്കളായി നൽകേണ്ടതും ഗുണഭോക്താവ് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കുമ്പോൾ ആദ്യ ഗഡു തുകയായ 40000/- രൂപ അനുവദിക്കേണ്ടതുമാണ്. എന്നാൽ മേൽ പദ്ധതിയിൽ എല്ലാ ഗുണഭോക്താക്കൾക്കും ആദ്യ ഗഡുവായി 100000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

2) ന്യൂ ലൈഫ് മാർഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേർസനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റിയും വാർഡ് മെമ്പർ ചെയർമാനായുള്ള കോളനി തല പ്രോഗ്രാം ഫെസിലിറ്റേഷൻ കമ്മിറ്റിയും രൂപീകരിക്കേണ്ടതാണ്. എന്നാൽ 2021-22 വർഷത്തിൽ ആലുവിളപ്പുറം ലക്ഷം വീട് കോളനിയിലെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ച് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 33/09.02.2023 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ അവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-50 ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കൽ |
| പദ്ധതി നമ്പർ | S0136/22 |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ തുക | 204900/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 204900/- |

തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണം നടപ്പാക്കുന്നതിനായി ഹരിതകേരള മിഷനും ശുചിത്വമിഷനും ചേർന്ന് കെൽട്രോണിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഹരിതമിത്രം സ്മാർട്ട് ഗാർബേജിംഗ് മോണിറ്ററിംഗ് സിസ്റ്റം [സ.ഉ(സാധാ)നം.1967/2020/തസ്വഭവ തീ.21.10.2020].മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തും, കെൽട്രോണും, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററും തമ്മിൽ 14/03/2022 തീയതിയിൽ ഒരു ത്രികക്ഷി കരാറിൽ ഒപ്പുവെയ്ക്കുകയും [സ.ഉ(സാധാ)നം.493/2022/തസ്വഭവ തീ.02.03.2022]പദ്ധതി നടത്തിപ്പിനായി കെൽട്രോണിന് 204900/-രൂപ അനുവദിച്ചിട്ടുമുണ്ട് [സ.ഉ(സാധാ)നം.670/2022/തസ്വഭവ തീ.19.03.2022]. ലാപ്ടോപ്പ് ലഭ്യമാക്കൽ, സർവീസ് ചാർജ്, SMSചാർജ്, QR കോഡ് പ്രിന്റിങ് ചാർജ് എന്നീ ഇനങ്ങൾക്ക് വേണ്ടിയാണ് കെൽട്രോണിന് തുക നല്കിയിരിക്കുന്നത്. പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ.02/07.02.2023 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| | |
|---|---|
| പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം | 16 |
| ആകെ ഹരിത കർമ്മ സേന അംഗങ്ങളുടെ എണ്ണം | 31 |
| ഡേറ്റ കളക്ഷൻ പൂർത്തീകരിച്ച് QR കോഡ് വിതരണം നടത്തിയ ഭവനങ്ങളുടെ എണ്ണം | 7726 |
| ഡാറ്റാ കളക്ഷൻ ആരംഭിച്ച തീയതി | 29.08.2022 |
| ഡേറ്റാകളക്ഷൻ പൂർത്തീകരിച്ച തീയതി | 05.01.2023 |
| മെറ്റീരിയൽ കളക്ഷൻ ആരംഭിച്ച ഭവനങ്ങളുടെ എണ്ണം | 6433 |

2022 ആഗസ്റ്റ് മാസം മുതലാണ് ഹരിതകർമ്മസേന അംഗങ്ങൾക്ക് പദ്ധതിയുടെ പരിശീലനം ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും വാങ്ങിയ ലാപ്ടോപ്പുകൾ നാളിതുവരെ പദ്ധതിയുടെ ആവശ്യത്തിനായി ഉപയോഗിച്ചിട്ടില്ല. പ്രസ്തുത ലാപ്ടോപ്പ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന എം.സി.എഫിന്റെ പ്രവർത്തനം 2023 ജനുവരിയിൽ അവസാനിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഹരിത കർമ്മസേന മുഖേന ശേഖരിക്കുന്ന മെറ്റീരിയൽസ് ശേഖരിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിലവിൽ സൗകര്യങ്ങളില്ല. എം.സി.എഫ് ആരംഭിക്കുന്നതിനായി 2022-23 വർഷത്തിൽ പ്രോജക്ട് രൂപീകരിച്ചതായി മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (02/07.02.2023) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഹരിതമിത്രം പദ്ധതി പ്രകാരം മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നതിനും ഹരിത കർമ്മസേനയുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തേണ്ടതാണ്. കൂടാതെ പദ്ധതി പ്രകാരം വാങ്ങിയ ലാപ്ടോപ്പ് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 20000 | ഫലശ്രീ | 20000 | 0 |
| | | 0 | 83790 | സുഭിക്ഷ കേരളം | 83790 | 0 |
| | | 0 | 722500 | കേദാരം - സമഗ്ര നെൽകൃഷി വികസനം | 722500 | 0 |
| | | 0 | 200000 | പാലിയേറ്റീവ് പരിചരണം | 200000 | 0 |
| | | 0 | 400000 | ലൈഫ് പാർപ്പിട പദ്ധതി ( എസ്.സി.പി) | 400000 | 0 |
| | | 0 | 240000 | ന്യൂ ലൈഫ് | 240000 | 0 |
| | | 0 | 80000 | ലൈഫ് പാർപ്പിട പദ്ധതി ( ജനറൽ) | 80000 | 0 |
| | | 0 | 400000 | ലൈഫ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവന നിർമ്മാണം | 400000 | 0 |
| | | 0 | 50000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | 0 |
| | | 0 | 342000 | സ്നേഹസ്പർശം | 342000 | 0 |
| | | 0 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | | 0 | 250000 | ക്ഷീര സമൃദ്ധി | 250000 | 0 |
| | | 1439153 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 1439153 |
| ആകെ | | 1439153 | 2888290 | | 2888290 | 1439153 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 722500 | കേദാരം - സമഗ്ര നെൽകൃഷി വികസനം | 722500 | 0 |
| | | 0 | 270000 | ലൈഫ് പാർപ്പിട പദ്ധതി ( എസ്.സി.പി) | 270000 | 0 |
| | | 0 | 400000 | ലൈഫ് പാർപ്പിട പദ്ധതി ( ജനറൽ) | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| | 0 | 400000 | ലൈഫ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവന നിർമ്മാണം | 400000 | 0 |
| | 0 | 342000 | സ്നേഹസ്പർശം | 342000 | 0 |
| | 0 | 100000 | ക്ഷീര സമൃദ്ധി | 100000 | |
| | 305770 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 305770 |
| ആകെ | 305770 | 2234500 | | 2234500 | 305770 |

| | 2020-21 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7, +RP-31 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് +തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2021-22 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1439153 | 2888290 | 4327443 | 2888290 | 1439153 | 1439153 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 305770 | 2234500 | 2540270 | 2234500 | 305770 | 305770 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2021-22 | | | | | |
| കേരള വാട്ടർ അതോറിറ്റി | 2115390 | 125/22 ജലജീവൻ മിഷൻ | 648240 | ഇല്ല | 648240 | 646393 | 3354782 |
| | | 142/22 പൈപ്പ്‌ലൈൻ എക്സ്റ്റൻഷൻ - അധിക വിഹിതം വകയിരുത്തൽ | 1116000 | | 1116000 | | |
| | | 11/22 ജലജീവൻ മിഷൻ 2021-22 | 121545 | | 121545 | | |
| | 2115390 | | 1885785 | | 1885785 | | 3354782 |
| കെ.എസ്.ഇ.ബി | 544876 | 89/22 ഗതാഗത തടസ്സം സൃഷ്ടിക്കുന്ന വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 139708 | ഇല്ല | 139708 | | |
| | | 144/22 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 627760 | | 627760 | | |
| | | 90/22 പോസ്റ്റ് സ്ഥാപിച്ച് തെരുവ് വിളക്ക് പ്രകാശിപ്പിക്കൽ | 298611 | | 298611 | | |
| | 544876 | | 1066079 | | 1066079 | | 1610955 |

| | 2020-21 B-18 ,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2115390 | 1885785 | 4001175 | 646393 | 3354782 | 3354782 |
| കെ.എസ്.ഇ.ബി | 544876 | 1066079 | 1610955 | 0 | 1610955 | 972904 * |

കെ.എസ്. ഇ.ബി യ്ക്ക് 2021-22 സാമ്പത്തിക വർഷം 1066079/- രൂപ ഡെപ്പോസിറ്റ് നൽകിയെങ്കിലും 460500202 ( Advance To Implementing Agencies – Deposit With Kerala Electricity Board) ഹെഡിൽ നിന്നും 428028/- രൂപ മാത്രമാണ് ഡെപ്പോസിറ്റായി നൽകിയിട്ടുള്ളത്. വ്യത്യാസമായ 638051/- രൂപ ഡെപ്പോസിറ്റ് ഹെഡിൽ നിന്ന് ചെലവഴിക്കാത്തതിനാലാണ് നീക്കിയിരിപ്പ് തുക B-18 ഷെഡ്യൂളുമായി പൊരുത്തപ്പെടാത്തത്. അപാകം പരിഹരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | സ.ഉ(സാധാ) നം. 3367/2021/ ധന തീയതി 07.04.21 | 10409129 | 1760000 | 293334 | 10673129 |
| | സ.ഉ(സാധാ) നം. 5206/2021/ ധന തീയതി 30.07.21 | | | 469334 | |
| | സ.ഉ(സാധാ) നം. 22/2022/ ധന തീയതി 01.01.2022 | | | 733332 | |
| ആകെ | | 10409129 | 1760000 | 1496000 | 10673129 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 17138594.43 |
| ഓഡിറ്റ് വർഷത്തെ വരവ് | 88804782 |
| ആകെ | 105943376.43 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 83058804 |
| നീക്കിയിരിപ്പ് | 22884572.43 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 89,74,989/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും |
|---|---|---|
| 1-33 | 6728146 | ഡോ.ജോണി.എസ്.പെരേര, മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി |
| 1-38 | 360000 | ശ്രീമതി.വൈശാഖി, കൃഷി ഓഫീസർ |
| 1-38 | 150000 | ശ്രീ.രതീഷ് കുമാർ, കൃഷി ഓഫീസർ |
| 1-39 | 425000 | ശ്രീമതി.വൈശാഖി, കൃഷി ഓഫീസർ |
| 1-40 | 76500 | ശ്രീ.രതീഷ് കുമാർ, കൃഷി ഓഫീസർ |
| 1-41 | 156700 | ശ്രീമതി.വൈശാഖി, കൃഷി ഓഫീസർ |
| 1-41 | 313300 | ശ്രീ.രതീഷ് കുമാർ, കൃഷി ഓഫീസർ |
| 1-42 | 289325 | ശ്രീ.രതീഷ് കുമാർ, കൃഷി ഓഫീസർ |
| 1-43 | 150750 | ശ്രീമതി.വൈശാഖി, കൃഷി ഓഫീസർ |
| 1-43 | 305250 | ശ്രീ.രതീഷ് കുമാർ, കൃഷി ഓഫീസർ |
| 1-47 | 20018 | ശ്രീമതി.ആശ, വി.ഇ.ഒ,സർക്കിൾ1 |
| ആകെ | 89,74,989/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ഡോ.ജോണി.എസ്.പെരേര, മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി | ജനറൽ ഹോസ്പിറ്റൽ, തിരുവനന്തപുരം | എ22,ലൂർഡെസ് വില്ല, കനകനഗർ റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം. |
| 2 | ശ്രീമതി.വൈശാഖി, കൃഷി ഓഫീസർ | പാറോട്ടുകോണം സോയിൽ ടെസ്റ്റിംഗ് ലാബ് | വലിയവിളവീട്,വെങ്ങാനൂർ(പി.ഒ), തിരുവനന്തപുരം |
| 3 | ശ്രീ.രതീഷ് കുമാർ, കൃഷി ഓഫീസർ | കൃഷിഭവൻ, വെട്ടൂർ | രോഹിണി,മേൽകടയ്ക്കാവൂർ(പി.ഒ), കടയ്ക്കാവൂർ |
| 4 | ശ്രീമതി.ആശ, വി.ഇ.ഒ,സർക്കിൾ1 | വി.ഇ.ഒ, വെട്ടൂർ ഗ്രാമപഞ്ചായത്ത് | കൊറ്റടിയിൽവീട്, കൊറ്റംകുളങ്ങര, ചവറ (പി.ഒ) |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/420/2022 തീയതി 18.10.2022 | 3 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/420/2022 തീയതി 18.10.2022 | 6 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/420/2022 തീയതി 18.10.2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/420/2022 തീയതി 18.10.2022 | 3 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/420/2022 തീയതി 18.10.2022 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/420/2022 തീയതി 18.10.2022 | 4 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/420/2022 തീയതി 18.10.2022 | 14 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/420/2022 തീയതി 18.10.2022 | 5 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/420/2022 തീയതി 18.10.2022 | 7 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/420/2022 തീയതി 18.10.2022 | 2 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/420/2022 തീയതി 18.10.2022 | 3 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/420/2022 തീയതി 18.10.2022 | 7 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/176/2019 തീയതി 08.3.2019 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/197/2020 തീയതി 08.05.2020 | 36 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1814/2021 തീയതി 00.00.2021 | 38 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/634/2022 തീയതി 22.9.2022 | 39 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

എസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്